Landway News
Bringing You Closer to God
LANDWAY
RNI-KERBIL/2015/62054

# ലാൻഡ്‌വേ ന്യൂസ്

www.landwaynews.com email: landwaynews@gmail.com

10 NOVEMBER 2015

Postal Registration No. KL/PTA/93/2015 - 2017.
WPP License Number: KL/PTA/WPP/2017/2015 - 2017.

Published From Pathanamthitta • Volume No. 1, Issue No.11 • Pages 8 • Price: Rs. 10/-

## ഐ.പി.സി കർണാടക സ്റ്റേറ്റ് ശുശ്രൂഷക സമ്മേളനം സമാപിച്ചു

ബെംഗളൂരു: ഐ.പി.സി കർണാടക സ്റ്റേറ്റ് ശുശ്രൂഷക സമ്മേളനം ഒക്ടോബർ 21 മുതൽ 23 വരെ ഹൊറമാവ്, അഗര ഐ.പി.സി ഹെഡ്ക്വാർട്ടേഴ്സ് ഗ്രൗണ്ടിൽ നടന്നു. കർണാടക ഐ.പി.സി പ്രസിഡന്റ് പാസ്റ്റർ റ്റി. ഡി. തോമസ് സമ്മേളനം ഉദ്ഘാടനം ചെയ്തു. ഡോ.വർഗീസ് ഫിലിപ്പ്, ഡോ. സൈമൺ സാമുവേൽ (ഡെറാഡൂൺ), ഡോ. ഏബ്രഹാം മാത്യു വല്ല്യത്ത്, പാസ്റ്റർമാരായ സാം ജോർജ്ജ്, വിൽസൺ ജോസഫ്, ജിമ്മി കുരിയാക്കോസ് (പാലക്കാട്) എന്നിവർ വിവിധ സെക്ഷനു കളിൽ പ്രസംഗിച്ചു. 21-ന് രാവിലെ 10-ന് ആരംഭിച്ച സമ്മേളനം 23-ന് ഉച്ചയ്ക്ക് തിരുവത്താഴ ശുശ്രൂഷയോടെ സമാപിച്ചു. തിരുവത്താഴ ശുശ്രൂഷയ്ക്ക് പാസ്റ്റർ കെ. എസ്. ജോസഫ് നേതൃത്വം നൽകി. കർണാടക, ഗോവ, തമിഴ്നാടിന്റെ ഇതരഭാഗങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള ശുശ്രൂഷകരും അവരുടെ കുടുംബവും സമ്മേളനത്തിൽ പങ്കെടുത്തു. പാസ്റ്റർമാരായ റ്റി.ഡി.തോമസ്, കെ.എസ്. ജോസഫ്, വർഗീസ് മാത്യു എന്നിവർ ശുശ്രൂഷക സമ്മേളനത്തിന് നേതൃത്വം നൽകി.

## ബെംഗളൂരു രാജ്യന്തര ക്രിസ്തീയ പുസ്തക മേള നവംബർ 4–8 വരെ

ബെംഗളൂരു: ക്രിസ്തീയ സാഹിത്യ പുസ്തകങ്ങളുടെ ഇന്ത്യയിലെ പ്രശസ്ത നിർമ്മാതാക്കളും വിതരണക്കാരുമായ ഒ.എം. ബുക്സ്, (ഓപ്പറേഷൻ മൊബിലൈസേഷൻ ഇന്ത്യാ) ആഭിമുഖ്യത്തിൽ നവംബർ 4 മുതൽ 8 വരെ ലിംഗരാജപുരം ക്യാമ്പസ് ക്രൂസൈഡ് ഓഡിറ്റോറിയത്തിൽ 'ബെംഗളൂരൂ രാജ്യാന്തര ക്രിസ്തീയ പുസ്തക മേള' നടക്കും. വിവിധ ഭാഷയിലും തർജ്ജിമയിലുമുള്ള ബൈബിളുകൾ, നിഘണ്ടു, കമന്ററികൾ, പഠന ഗ്രന്ഥങ്ങൾ, വേദശാസ്ത്രം, ധ്യാന ഗ്രന്ഥങ്ങൾ, ആദ്ധ്യാത്മീക ജീവിതം, ദാമ്പത്യജീവിതം തുടങ്ങി പതിനായിരത്തിൽപ്പരം വ്യത്യസ്ത ശീർഷകങ്ങളിലുള്ള ഗ്രന്ഥങ്ങൾ മേളയി ലുണ്ട്. ദിവസവും രാവിലെ 8 മുതൽ വൈകിട്ട് 9 വരെയാണ് പുസ്തകമേള. രാജ്യാന്തര ക്രിസ്തീയ സംഗീത ഗ്രൂപ്പുകളുടെ സി.ഡി.കൾ, ബഹുവർണ ചാർട്ടുകൾ എന്നിവയും സെക്കന്റ് ഹാൻഡ് ബുക്ക്സും വൻ വിലക്കുറവിൽ ലഭിക്കുമെന്ന് ഒ.എം.ബുക്സ് മാനേജർ. ജോൺ വി.ജേക്കബ്, ഒ.എം. ബുക്സ് ഡയറക്ടർ ആന്റണി എഡ്‌വിൻ എന്നിവർ അറിയിച്ചു.

## സണ്ടേസ്കൂൾ വാർഷികം

ഷാർജ: കോർഫക്കാൻ ഷാലോം ചർച്ചിന്റെ സണ്ടേസ്കൂൾ വാർഷികം നടത്തപ്പെട്ടു. ഹെഡ് മാസ്റ്റർ ഡഗ്ളസ് ജോസഫ് റിപ്പോർട്ട് അവതരിപ്പിച്ചു. പാസ്റ്റർ ഷാജി മാത്യൂസ് അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ ജെ. എം. ഫിലിപ്പ് മുഖ്യ പ്രഭാഷണം നടത്തി. തുടർന്ന് സണ്ടേസ്കൂൾ അദ്ധ്യാപകരെ ആദരിക്കുകയും ബ്രദർ കോശി ചാക്കോയുടെ സമാപന പ്രാർത്ഥനയോടെ പാസ്റ്റർ ജോൺസൺ ലാസർ ആശിർവാദം പറയുകയും ചെയ്തു.

# ഇരിട്ടി പെന്തക്കോസ്തു മിഷൻ ആരാധാനാലയത്തിനു നേരെ ആക്രമണം

ചാക്കോ കെ. തോമസ്

ഇരിട്ടി (കണ്ണൂർ): ഇരിട്ടി – കൊട്ടിയൂർ റൂട്ടിൽ പയഞ്ചേരി മുക്കിലുള്ള ദി പെന്തക്കോസ്തു മിഷൻ ആരാധനാലയത്തിന് നേരെ സുവിശേഷ വിരോധികളുടെ ആക്രമണം. സെപ്റ്റംബർ 26 പുലർച്ചെ 1 മണിക്ക് നടന്ന ആക്രമണത്തിൽ ചുറ്റുമതിലും സഭാ ഹാളിന്റെ ജനൽച്ചില്ലകളും തകർത്തു. ശക്തമായ കല്ലേറിൽ കുപ്പിച്ചില്ലുകൾ ഹാളിനകത്ത് ചിതറിക്കിടക്കുകയാണ്. അക്രമണ സമയത്ത് ഫെയ്ത്ത് ഹോമിൽ ഉണ്ടായിരുന്ന ബ്രദർ മോസസ്, മദർ എലിസബത്ത്, സിസ്റ്റർ ഷൈല എന്നിവർ അത്ഭുതകരമായി രക്ഷപ്പെട്ടു. ശക്തമായ കല്ലേറിൽ ജനൽച്ചില്ലകൾ തകരുന്ന ശബ്ദം കേട്ട് ലൈറ്റ് ഇട്ടതിനാൽ അക്രമികൾ ഓടി രക്ഷപ്പെട്ടു. ഇത് മൂന്നാം തവണയാണ് ഈ ഫെയ്ത്ത് ഹോമിനു നേരെ ആക്രമണമുണ്ടാകുന്നത്.




*ഇരിട്ടി പെന്തക്കോസ്തു മിഷൻ ആരാധനാലയത്തിന്റെ ചില്ലുകൾ എറിഞ്ഞുടച്ച നിലയിൽ*

നാല് കൊല്ലം മുമ്പ് 2011 ഒക്ടോബർ 7–ന് ആരാധനാലയം തീ വെയ്ക്കുവാൻ ശ്രമം നടത്തിയിരുന്നു. അന്ന് കിണറ്റിൽ നിന്ന് വെള്ളം എടുക്കുന്ന പമ്പ് മണ്ണെണ്ണ ഒഴിച്ച് അക്രമികൾ കത്തിച്ചിരുന്നു. കോഴിക്കോട് സെന്റർ ടി.പി.എം സഭയുടെ പ്രാദേശിക സഭയായ ഇരിട്ടിയിൽ 2 സഹോദരിമാർ മാത്രമാണ് താമസിക്കുന്നത്. ബുധൻ, ശനി, ഞായർ ദിവസങ്ങളിൽ ആരാധന നടത്തുവാൻ വേണ്ടിയാണ് ബ്രദർ. മോസസ് വരുന്നത്. 12 സെന്റ് സ്ഥലത്ത് ഒരു ചെറിയ വീട്ടിലാണ് ആരാധന നടക്കുന്നത്. കൃഷിപണിക്കാരായ 17 കുടുംബങ്ങളിലെ അൻപതോളം വിശ്വാസി കളാണ് ഇവിടെ ഉള്ളത്. വിവിധ രാഷ്ട്രീയ പാർട്ടികളുടെ നേതാക്കളും, ക്രൈസ്തവ പെന്തക്കോസ്തു സഭാ ശുശ്രൂഷകരും സംഭവ സ്ഥലം സന്ദർശിച്ചിരുന്നു. തുടർച്ചയായ ആക്രമണം ഉണ്ടാകുന്നതിനാൽ പോലീസ് സ്വമേധയാ കേസെടുത്ത് അന്വേഷണം ആരംഭിച്ചു. സമാധാനപരമായ ഒരു അന്തരീക്ഷം അവിടെ ഉണ്ടാകുവാൻ ദൈവമക്കളുടെ പ്രാർത്ഥന ആവശ്യപ്പെടുന്നു.

# യു.പി.എഫിന്റെ നേതൃത്വത്തിൽ ഫാമിലി സെമിനാർ നടത്തപ്പെട്ടു

യു.എ.ഇ: ഫുജൈറയിൽ പ്രവർത്തിച്ചുവരുന്ന പെന്തക്കോസ്ത് കൂട്ടായ്മയുടെ സംഘടനയായ യു.പി.എഫിന്റെ നേതൃത്വത്തിൽ ഫാമിലി സെമിനാർ നടത്തപ്പെട്ടു. വിവിധ വിഷയങ്ങളെക്കുറിച്ച് ഈ സെമിനാറിൽ ക്ലാസുകൾ നയിക്കുകയുണ്ടായി. 'ഉത്തമ മാതാപിതാക്കളും മക്കളുടെ ഭാവിയും' എന്ന വിഷയവും, 'കോപ നിയന്ത്രണത്തിലൂടെ ജീവിതവിജയം' എന്നതുമായിരുന്നു പ്രധാന വിഷയം. സുവിശേഷകനും കൗൺസിലറുമായ ഡോ.സി.വി.എബ്രഹാം ക്ലാസുകൾക്ക് നേതൃത്വം നൽകി.

യു.പി.എഫ് പ്രസിഡന്റ് പാസ്റ്റർ ജെയിംസ് കെ.ഈപ്പൻ അദ്ധ്യക്ഷത വഹിച്ചു. ഈ മീറ്റിംഗിന് പാസ്റ്റർമാരായ എം.വി.സൈമൻ, ജോൺസൺ ലാസർ, ഷാജി മാത്യൂസ്, ജെ.എം. ഫിലിപ്പ്, ഷാജി അലക്സാണ്ടർ, റെജി ജോൺ, ഭക്തസിംഗ് എന്നിവർ നേതൃത്വം നൽകി. യു.പി.എഫ് ക്വയർ ഗാനങ്ങൾ ആലപിക്കുകയും സഹോദരന്മാരായ ഡഗ്ളസ് ജോസഫ്, ജിജി പാപ്പച്ചൻ, അജിത്ത്, ലാലു പോൾ, ബിജു ഡേവിഡ്, ലാൽ വർഗീസ്, ഷിജോ സണ്ണി മെഴുവേലി, കോശി ചാക്കോ, കെ.കെ. വർഗീസ് എന്നിവരുടെ ശക്തമായ കൂട്ടായ്മ വളരെ അനുഗ്രഹമായിരുന്നു.




## കരുണയുടെ കരം നീട്ടണമേ

തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകരയ്ക്കടുത്ത് കീറാറൂർ ചെറുവണ്ടൂർ തെക്കേക്കരയിൽ മാതാവ് മരണപ്പെടുകയും പിതാവ് ഉപേക്ഷിക്കുകയും ചെയ്ത 2 പെൺമക്കളെ കഴിഞ്ഞ 5 വർഷമായി സമീപവാസികളായ സ്റ്റീഫൻ ഡേവിഡും കുടുംബാംഗങ്ങളും ഏറ്റെടുത്ത് പെൺകുട്ടികൾ താമസിക്കുന്ന ഒരു സ്ഥാപനത്തിൽ നിറുത്തി വിദ്യാഭ്യാസം കൊടുക്കുകയായിരുന്നു.

ഇപ്പോൾ മൂത്ത കുഞ്ഞിന് 19 വയസ് പ്രായമായി. ഈ കുട്ടിയുടെ വിവാഹത്തിനായി മറ്റൊരു സാധു കുടുംബത്തിലെ യുവാവിന് വേണ്ടി മാതാപിതാക്കളും ബന്ധുക്കളും ചേർന്ന് ഒരു ഒത്തുധാരണയിൽ എത്തിയിട്ടുണ്ട്. കാട്ടാക്കടക്കടുത്ത് കുരുതംകോട് രാജേഷ് ഭവനിൽ രാജന്റെയും ഉഷയുടെയും



മകനാണ് വരൻ രാജേഷ്. ദൈവം അനുവദിച്ചാൽ 2015 ഡിസംബർ 14–ാം തീയതി രാവിലെ 11 മണിക്ക് മെട്ടവിള പാരിഷ് ഹാളിൽ വച്ച് എല്ലാവരുടേയും സാന്നിദ്ധ്യത്തിൽ വിവാഹം നടത്തണമെന്ന് ആഗ്രഹമുള്ള വിവരം ദയവായി താങ്കളെയും കുടുംബാംഗങ്ങളെയും സംഘടനകളെയും ഞങ്ങൾ അറിയിക്കുന്നു. ഈ വാർത്ത വായിക്കുന്ന താങ്കളും കുടുംബാംഗങ്ങളും സംഘടനകളിലുള്ള എല്ലാവരുയേും വിവാഹത്തിൽ പങ്കെടുവാനും ഞങ്ങൾ ക്ഷണിക്കുകയാണ്. തീർച്ചയായും സഹകരിക്കുകയും പങ്കാളിയാകുകയും ചെയ്യുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

ഈ മോളെ ഭർത്താവിന്റെ വീട്ടിലേക്ക് പറഞ്ഞുവിടുവാനുള്ള സാമ്പത്തികമായ യാതൊരു ക്രമീകരണങ്ങളും ഇതുവരെ ഞങ്ങളുടെ ഭാഗത്ത് ആയിട്ടില്ല. ഈ വിവാഹ ആവശ്യങ്ങൾക്കായി നിതു മോളുടെ പേരിൽ ഒരു അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. നിങ്ങളുടെ ചെറുതും വലുതുമായ സാമ്പത്തിക നന്മകൾ അയച്ചുതന്നാലും, പ്രാർത്ഥനയോടെ ഞങ്ങൾ കാത്തിരിക്കുന്നു.

**ബാങ്കിന്റെ വിലാസം**

NEETHU. S,
A/c No.67312412696,
IFSC SBTR0000028,
SBT, STATUE, BRANCH,
THIRUVANANTHAPURAM.

**ലോക്കൽ ഗാർഡിയൻ**

Mr. Stephen David,
Kukku Nivas,
SASTHAMKONAM, KEEZHAROOR P.O
NEYYATTINKARA (VIA),
THIRUVANANTHAPURAM.
Phone : + 91 902 - 022 - 0222.



സന്തോഷ് പന്തളം

# ബീഫും പട്ടിയും മനുഷ്യരും

എന്ത് ചെയ്യണമെന്ന് അറിയാതെ ജനം നെട്ടോട്ടമോടുകയാണ് ഈ നാളുകളിൽ. ഇന്ത്യാ മഹാരാജ്യത്ത് ജനം സ്വസ്തമായി ജീവിച്ചു കൊണ്ടിരുന്നപ്പോൾ ചില ചാവേർ സംഘടനകൾ പോലുള്ള കുരുട്ടു ബുദ്ധികൾ രാഷ്ട്രീയത്തെയും സമൂഹത്തെയും മുതലെടുത്ത് ഇരുട്ടിന്റെ മറവിൽ വല വീശുന്നു. തെരുവുനായ്ക്കളെ കൊല്ലരുത് എന്നു പറയുന്നവർ തെരുവിൽ കൂടി യാത്ര ചെയ്യുന്നവരാണോ? തീർച്ചയായും അവർക്ക് യാത്രയിൽ വാഹനവും അംഗരക്ഷകരും കൂട്ടായുണ്ട്. അവർക്കാർക്കും തെരുവ് നായ്ക്കളുടെ കടിയേൽക്കേണ്ടി വരുന്നില്ല മറിച്ച് അവരുടെ മക്കൾ വിദ്യാലയങ്ങളിൽ പോകുന്നത് വില കൂടിയ കാറിലും വിലമതിക്കാൻ പറ്റാത്ത സാഹചര്യങ്ങളിലും അല്ലേ?

പാവപ്പെട്ട കുഞ്ഞുങ്ങൾക്കും സ്ത്രീകൾക്കും ഇറങ്ങി നടക്കാൻ പറ്റാത്ത സാഹചര്യമാണ് ഇന്നത്തെ അവസ്ഥ. പട്ടിയെ പട്ടിയുടെ സ്ഥാനത്ത് തന്നെ നിറുത്തണം. ഏതെങ്കിലും നായ്ക്കൾ വോട്ടിടാൻ വന്നിട്ടുണ്ടോ? നായ്ക്കളുടെ വോട്ടുകൊണ്ടാണോ ഈ പറഞ്ഞവർ ജയിച്ചത്? നായ് എപ്പോഴും നായ് തന്നെയാണ്. നായ്ക്കളുടെ സ്വഭാവം കാണിക്കുന്ന അധികാരികൾ നായ് കടിക്കുന്നതുപോലെ അല്ലേ മനുഷ്യരോട് ഇടപെടുന്നത്. ആദ്യം നിങ്ങൾ നന്നാവൂ. പിന്നെയാകട്ടെ സമൂഹത്തെയും നായ്ക്കളെയും നന്നാക്കാൻ.

എന്തിനാണ് ഇത്ര എഴുതുന്നതെന്ന് കുറച്ചുപേർക്കെങ്കിലും തോന്നാം. അതിന് മറുപടിയും നൽകാം. ഞാനും ഇന്ത്യൻ പൗരൻ തന്നെ എനിക്കുമുണ്ട് അഭിപ്രായവും അവകാശവും. ഞാൻ ഒരു മാധ്യമപ്രവർത്തകനായതിനാൽ എനിക്കുമുണ്ടൊരു പത്രധർമ്മം. പട്ടികളെ ഇടേണ്ട സ്ഥാനത്ത് ഇടണം. അതിനൊക്കെ ജീവിക്കാൻ പ്രത്യേക സ്ഥലം കൊടുക്കണം. അല്ലാതെ കന്നി മാസത്തിൽ ചാടി നടക്കുന്ന പട്ടികളുടെ പിറവികൾ അടുത്ത മാസങ്ങളിൽ കാണും. ഇതിനൊക്കെ ഞങ്ങൾ മുൻ കൂട്ടി കാര്യങ്ങൾ അധികാരികളെയും അറിയിക്കുന്നുണ്ട്. നിയമപരമായി സംവാദിക്കുന്നുമുണ്ട്. ഇതിനൊരു പോംവഴി കിട്ടിയില്ലായെങ്കിൽ ശക്തമായ പ്രതികരണങ്ങൾ നിയമം ഉണ്ടാക്കുന്നവരുടെ മുമ്പിലും പാർപ്പിടങ്ങളിലും ഞങ്ങൾ നടത്തേണ്ടിവരും.

പിന്നെ ചിലർ വലിയ ഭക്തർ കളിച്ച് ബീഫ് കഴിക്കാൻ പാടില്ലായെന്ന് ശാഠ്യം പിടിക്കുന്നു. അവനവന് ജീവിക്കാൻ അവകാശമുള്ള ഇന്ത്യയിൽ അപരന്റെ വിഷയത്തിൽ ഇടപെടാൻ നിങ്ങൾക്കെന്താ കാര്യം? പട്ടിക്ക് സംരക്ഷണം പറയുന്നതു പോലെ നാൽക്കാലികൾക്കും സംരക്ഷണം പറയുമ്പോൾ നിങ്ങൾ സ്വബുദ്ധിയിൽ മനസ്സിലാക്കൂ. ഞാൻ ചില തെളിവുകൾ നിരത്തട്ടെ. ഇത് വായിച്ചിട്ട് ആകട്ടെ തർക്കങ്ങളും വാദങ്ങളും. ഗണപതിയുടെ വാഹനമല്ലേ എലി ഇതിനെ വിഷം വച്ച് കൊല്ലുന്നില്ലേ? എന്താ ഇതിനെ എതിർക്കാത്തത്? ഹനുമാന്റെ പ്രതിരൂപമല്ലേ കുരങ്ങൻ ഇതിനെ തല്ലിക്കൊന്ന് കുരങ്ങുരസായനം ഉണ്ടാക്കുന്നില്ലേ? എന്താ എതിർക്കാത്തത്? വിഷ്ണുവിന്റെ ഒന്നാമത്തെ അവതാരമാണ് മത്സ്യം

> ഗണപതിയുടെ വാഹനമല്ലേ എലി; ഇതിനെ വിഷം വച്ച് കൊല്ലുന്നില്ലേ? എന്താ ഇതിനെ എതിർക്കാത്തത്? ഹനുമാന്റെ പ്രതിരൂപമല്ലേ കുരങ്ങൻ ഇതിനെ തല്ലിക്കൊന്ന് കുരങ്ങുരസായനം ഉണ്ടാക്കുന്നില്ലേ? എന്താ എതിർക്കാത്തത്? വിഷ്ണുവിന്റെ ഒന്നാമത്തെ അവതാരമാണ് മത്സ്യം ഇതിനെയല്ലേ എത്രയെത്ര ജനങ്ങൾ ദിനം തോറും കഴിക്കുന്നത്?

ഇതിനെയല്ലേ എത്രയെത്ര ജനങ്ങൾ ദിനം തോറും കഴിക്കുന്നത്? എന്താ വികാരം ഉണരാത്തത്? വിഷ്ണുവിന്റെ മറ്റൊരവതാരം പന്നി (കൂർമ്മം) ഇതിനെ തിന്നുന്നില്ലേ? ലക്ഷ്മി ദേവിയുടെ വാഹനമാണ് മൂങ്ങാ, ശനിദേവന്റെ വാഹനം കാക്ക ഇവകൾ നമ്മുടെ കൃഷിസാധനങ്ങൾ നശിപ്പിച്ചാൽ കൊല്ലുകയും കല്ലു കൊണ്ട് എറിയുകയും ചെയ്യുന്നില്ലേ? പിന്നെ എങ്ങനെയാണ് ഗോവധത്തിന് വേണ്ടി മാത്രം ചിലർ പ്രതികരിക്കുന്നത്.

എന്റെ അഭിപ്രായത്തിൽ ഗോവധത്തിൽ പ്രതികരിക്കുന്നവർ കർഷകന്റെ ഉപജീവനമാർഗ്ഗമായ ഇതിന്റെ മതിപ്പുവിലയെങ്കിലും കൊടുത്തിട്ട് നിങ്ങൾ വാങ്ങിച്ചു കൊണ്ടു പോയി സംരക്ഷിക്കൂ..... അതി നൊന്നും ഞങ്ങൾക്ക് പറ്റില്ല സാറേ... തടസം വരുത്താനെ ഞങ്ങൾക്ക് കഴിയുകയുള്ളു. പണ്ട് ആരോ പറഞ്ഞതു പോലെ പട്ടി പുല്ല് തിന്നുകയുമില്ല പശുവിനൊട്ടു കൊടുക്കയുമില്ല.

തർക്കവും വാദവും നടത്തുന്നവർ ചിന്തിക്കണം പൂർണ്ണനഗ്നരായി സ്വാമിമാർക്ക് പൊതുജനങ്ങളുടെ ഇടയിൽ നടക്കാം. മനുഷ്യന്റെ പച്ചശരീരം വെട്ടുകത്തികൊണ്ട് വെട്ടിയെടുത്ത് കോഴിക്കാൽ കടിച്ചു വലിച്ചു തിന്നുന്നതുപോലെ തിന്നുന്ന വാഗ്മികൾ നമ്മുടെ ഇടയിൽ ഉണ്ട്. ഇതിനെല്ലാം തെളിവ് ശേഖരിച്ച് വച്ചിട്ട് തന്നെയാണ് ഞങ്ങൾ പ്രതികരിക്കുന്നത്. അല്ലാതെ ആരെയും ആക്ഷേപിക്കാനോ അപരാധം പറയുവാനോ അല്ല.

മുകളിൽ പറഞ്ഞ ഖണ്ഡിക എങ്കിലും വ്യക്തമായി വായിച്ച് മനസ്സിലാക്കി ഇതിനെങ്കിലും ആദ്യം പരിഹാരം വരുത്തിയിട്ടാകട്ടെ പട്ടി പ്രശ്നവും പശുപ്രശ്നവും. അല്ലാതെ മതത്തെയും മനുഷ്യനെയും കൂട്ടിയടിപ്പിക്കുന്ന പ്രവണത നിറുത്തൂ സ്നേഹിതാ. അവസാനം ഞാൻ പറയട്ടെ ഇത് മറ്റാരുമല്ല എഴുതുന്നത് നിങ്ങളുടെ സഹോദരനും ഇന്ത്യൻ പൗരനും മാധ്യമപ്രവർത്തകനും സഹജീവികളോട് കരുണയുള്ളവനുമായ നിങ്ങളുടെ സ്വന്തം സന്തോഷ് പന്തളം.

# വഴിയിൽ പതിയിരിക്കുന്ന പടുകുഴികൾ

ഈ കാലഘട്ടത്തിൽ പ്രത്യേകിച്ച് യൗവനക്കാരിൽ പല തെറ്റുകളും സംഭവിച്ച് വരുന്നതായി പഠനങ്ങൾ തെളിയിക്കുന്നു. ഏകദേശം 14 മുതൽ 22 വയസ്സ് വരെ ഉള്ള മനുഷ്യരിലാണ് ഈ മാറ്റങ്ങൾ അല്ലെങ്കിൽ തെറ്റുകൾ കാണാൻ സാധ്യതയുള്ളത്. നാം ചിന്തിച്ച് നോക്കിയാൽ നമ്മുടെ വഴികൾ എല്ലാം നല്ലതായി തോന്നാം. എന്നാൽ അടുത്ത് വരുമ്പോൾ മാത്രമേ ആ വഴിയിലെ പടുകുഴികൾ നമ്മുടെ ശ്രദ്ധയിൽപ്പെടുകയുള്ളു. നമ്മുടെ വാഹനത്തിന് വേഗത കൂടുതലാണെങ്കിൽ പല കുഴികളിലും നാം അറിയാതെ വീണുപോകാൻ സാധ്യത ഏറെയാണ്. ഇതുപോലെ ഈ ലോകത്തിൽ നമുക്കെതിരായി വരാൻ സാധ്യതയുള്ള ആപത്തുകളെ മുന്നറിഞ്ഞ് ജീവിതം നയിക്കുക. അതിനാൽ ശ്രദ്ധിച്ച് ജീവിതം ക്രമീകരിക്കുക, ആപത്തുകളെ മുന്നറിഞ്ഞ് കാലുകൾ മുമ്പോട്ട് വയ്ക്കുക എങ്കിൽ വിജയകരമായ നല്ല ജീവിതം നയിക്കാൻ ഇടയാകും. യൗവനക്കാർ അതീവ ശ്രദ്ധയോടെ ഇന്റർനെറ്റുകളും, ഇന്നത്തെ പല സോഷ്യൽ മീഡിയകളും കൈകാര്യം ചെയ്യുവാൻ ശ്രദ്ധിക്കണമേ. എന്റെ ചെറുപ്രായത്തിൽ തന്നെ പല കഥകളും മാധ്യമങ്ങൾ വഴി ഞാൻ കേട്ടിട്ടുണ്ട്. പലരും സോഷ്യൽ മീഡിയകളിൽ അടിമകളായി തെറ്റിൽ അകപ്പെട്ട കഥകളും നാം ദിനംതോറും പത്രമാധ്യമത്തിൽ കൂടി കേട്ട് വരുന്നതാണ്. അതുകൊണ്ട് ഒരു കാര്യം ചെയ്യുന്നതിന് മുമ്പ് നന്നായി നാല് വശവും ആലോചിച്ച് തീരുമാനം എടുക്കുക. നന്നായി ദൈവത്തോട് പ്രാർത്ഥിക്കുക. ഇങ്ങനെയുള്ള കുഴികളും ആപത്തുകളും പ്രാർത്ഥനയിൽ കൂടി തടയുവാൻ നമുക്ക് തീർച്ചയായും കഴിയും അതാണ് യഥാർത്ഥമായ നന്മയുടെ പാത. ഇതിനെക്കുറിച്ച് ചില ചിന്തകൾ താഴെ കുറിക്കട്ടെ. ദയവായി ശ്രദ്ധിച്ചാലും.



ഷെറിൻ ഷേർളി സന്തോഷ്

**1 മാതാപിതാക്കൾ മക്കൾക്കായി കുറച്ച് സമയം മാറ്റിവയ്ക്കുക**

എത്ര തന്നെ തിരക്കാണെങ്കിലും മക്കൾക്കായി കുറച്ച് സമയം കണ്ടെത്താൻ ശ്രമിക്കുക. മക്കൾ ദൈവം നൽകുന്ന ദാനമാണ്. ആ ദാനം നല്ല വഴിയിൽക്കൂടി പോകുന്നുവോ എന്ന് ശ്രദ്ധിക്കുക. അവരോടായി അൽപസമയം മനസ്സു തുറക്കുക.

**2 മക്കളുടെ എടുത്തുചാട്ടം സൗമ്യതയിൽ പറഞ്ഞ് മനസ്സിലാക്കുക**

മക്കളിൽ തെറ്റുകൾ വരാറുള്ളപ്പോൾ മാതാപിതാക്കൾ വേണം അത് സൗമ്യതയിൽ പറഞ്ഞ് മനസ്സിലാക്കി കൊടുക്കാൻ മക്കളുടെ നല്ല സുഹൃത്തുക്കളായി മാറണം മാതാപിതാക്കൾ. മക്കളെ കോപിപ്പിക്കാതെ സൗമ്യതയിൽ ഒറ്റയ്ക്ക് മാറ്റി ഇരുത്തി തെറ്റുകളെ ബോധ്യപ്പെടുത്തണം.

**3 മാതാപിതാക്കളെ സ്നേഹിക്കുക**

മക്കൾ മാതാപിതാക്കളെ സ്നേഹിക്കുകകയും, ബഹുമാനിക്കുകയും, അനുസരിക്കുകയും ചെയ്യുക. മാതാപിതാക്കൾ പറയുന്നത് ശ്രദ്ധയോടെ കേട്ട് അനുസരിക്കണം. അവരെ ഒരു കാരണവശാലും വിഷമപ്പെടുത്താൻ ശ്രമിക്കാതിരിക്കുക. നിനക്ക് ദീർഘായുസ്സ് ഉണ്ടാകേണ്ടതിന് നിന്റെ അപ്പനെയും, അമ്മയെയും സ്നേഹിക്കുക ഒപ്പം ബഹുമാനിക്കുക.

**4 മാതാപിതാക്കളോട് ഏത് വിഷയവും തുറന്ന് പറയാൻ ശ്രമിക്കുക**

മാതാപിതാക്കൾ എപ്പോഴും മക്കളുടെ സുഹൃത്തായി മാറിയാൽ മക്കൾ തനിയെ എല്ലാം തുറന്ന് പറയാൻ തുടങ്ങും. മക്കളുടെ മനസ്സിൽ മാതാപിതാക്കൾ ഒരു പേടിയായി നിലനിൽക്കാതെ കൂട്ടുകാരെപ്പോലെയാകണം. ലോകത്തിലെ ഏറ്റവും നല്ല ഉത്തമസുഹൃത്തുക്കളെപ്പോലെ മക്കൾ മാതാപിതാക്കളെ കാണുക. മക്കളുടെ എല്ലാ തെറ്റുകളും, കുറവുകളും മാതാപിതാക്കളോട് തുറന്ന് പറയാനുള്ള ഒരു വേദി എപ്പോഴും മക്കളുടെ മുമ്പിൽ തുറന്ന് കാണിക്കണം. പക്ഷേ പല മാതാപിതാക്കൾക്കും മക്കളോട് സംസാരിക്കാൻ സമയം കുറവാണ് എന്നൊരു കുറവ് പലയിടങ്ങളിലും കണ്ട് വരുന്നു.

ആയതിനാൽ നന്നായി പ്രാർത്ഥിച്ച്, നല്ല രീതിയിൽ മറ്റുള്ളവരെ വേദനിപ്പിക്കാതെ ദൈവ സന്നിധിയിൽ ജീവിക്കുക. എങ്കിൽ വഴിയിൽ പതിയിരിക്കുന്ന തെറ്റിന്റെ കുഴികൾ നന്മയാൽ തന്നെ മാറും.

**LANDWAY NEWS**
**EDITORIAL BOARD**
*CHIEF EDITOR:*
Santhosh Pandalam
*EDITOR:*
Sherly Santhosh
*ASSOCIATE EDITOR:*
Shiju John Samuel
*SUB EDITOR:*
Joy Varghese Elanthoor
*ADVISORY BOARD:*
Godwin Y. D • Shibu Paippad
Mohan George • Biju Abraham
Finny Joseph • J. P. Vennikulam
Jacob Kottarakkara

*REPORTERS:*

UNITED KINGDOM
Sam Jiji Mangalathu
UNITED STATES OF AMERICA
Avinash Thankachan
AUSTRALIA
Aaron George Mathew
KINGDOM OF SAUDI ARABIA
JUBAIL
Shibu Paippad
RIYADH
Daniel Eppachan
UNITED ARAB EMIRATES
UAE Coordinator & Reporter
Duglas Joseph
AJMAN
Anil Babu
SHARJAH
Das P. Vilakudy
DUBAI
Siby George
RAS AL KHAIMAH
Biji Philip
UMM AL QUWAIN
Abraham Thomas
QATAR
Biju Iverkala
BAHRAIN
Bose B Varghese
BULGARIA
Ronald Regie
KERALA
Shibu George
KARNATAKA
Paul C. Joseph
DELHI
C. John
MUSCUT
Sam George, Kottarakkara

**Address:**
LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pandalam – 689502,
Pathanamthitta Dist, Kerala, India
Phone: +91-9447440441,
Email: landwaynews@gmail.com,
www.facebook.com/landwaynewspaper
www.landwaynews.com

**Yearly Subscription**
INDIA: Rs. 100
USA: Dollars - 30
UK: Pounds - 15
Gulf: Rs. 1500

Disclaimer:
The views expressed in the articles are those of the writers. The magazine will not bear any responsibility for them. Some of the images used in this news paper have been downloaded from websites.We acknowledge that the copyright of those images remain with the original owners, and The Landway News does not intend to use those for commercial purposes and does not claim any rights for them.

## വരിസംഖ്യ?

**ലാൻഡ്‌വേ ന്യൂസ് പേപ്പറിന്റെ വരിസംഖ്യയും സംഭാവനകളും താഴെക്കാണുന്ന വിലാസത്തിൽ ഏതെങ്കിലും ദയവായി അയച്ചാലും!**

LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pandalam – 689502,
Pathanamthitta Dist, Kerala, India

*Bank Details*
LANDWAY NEWS
A/c. No. 038605300004236
South Indian Bank
Thumpamon Branch
IFSC: SIBL0000386
SWIFT CODE: SOININ55

*Every good gift and every perfect gift is from above, coming down from the Father of lights*

Since : 1988
GRACE Visual media



Wedding Photography & Video Graphy
Direction: HEBRON DAVID (sabu)
Grace Visual Media, Shoranur
www.gracevisualmedia.com
E-mail: gracevisual@gmail.com



09447255475, 09447370979

Wedding Photography & Videography, Outdoor Shooting, Live Convension & Cruside Music Night Etc...,
Advertising, Fashion Photography, Cinimatography, Video Album, Direction & Event plus...Tension free events...

# ഭാവി തകർത്തുടയുന്ന തലമുറകൾ



ജെ. പി. വെണ്ണിക്കുളം



> അച്ചടക്കവും അനുസരണവും ഒക്കെ വീട്ടിൽ നിന്നു തന്നെ പഠിക്കണം. ചെറിയ പ്രായം മുതൽ ദൈവഭയമുള്ളവരായി അവർ വളരണം. അവർ 'നടക്കേണ്ട വഴിയിൽ' അവരെ അഭ്യസിപ്പിക്കണം.

സോഷ്യൽ മീഡിയ വഴി പരിചയപ്പെട്ട സൗഹൃദമാണ് മീരയും സാമും തമ്മിലുള്ളത് (പേര് യഥാർത്ഥമല്ല). ചുരുങ്ങിയ ചില നാളുകളെ ആയിട്ടുള്ളു ഇവർ തമ്മിലുള്ള സൗഹൃദം ആരംഭിച്ചിട്ട്. എന്നാൽ അവർ തമ്മിൽ സംസാരിക്കാത്ത കാര്യങ്ങൾ, ഒന്നുമില്ല എന്നത് സത്യം. മീരയ്ക്ക് പ്രായം 23, സാമിന് 21 ഉം. തങ്ങളുടെ നാട്ടുനടപ്പ് അനുസരിച്ച് പ്രായം കുറഞ്ഞ ആളിനെ വിവാഹം കഴിക്കാൻ പറ്റില്ല എന്നത് മീരയ്ക്ക് അറിയാമായിരുന്നു. എങ്കിലും മോഹനസുന്ദരവാഗ്ദാനങ്ങൾ നൽകി വിവഹാം കഴിക്കാമെന്ന ഉറപ്പും സാം കൊടുത്തു. മീരയ്ക്ക് ഇത് വിശ്വസിക്കാൻ പ്രയാസമായിരുന്നു. അവളുടെ വിശ്വാസം കൂടുതൽ നേടിയെടുക്കുന്നതിന് സാം ഓരോ ദിവസവുമുള്ള ചാറ്റിംഗിൽ ശ്രദ്ധിച്ചുകൊണ്ടിരുന്നു. ഒരു ദിവസം സാം പറഞ്ഞു, ഞാൻ നിന്റെ പട്ടണത്തിലേക്ക വരാം, നമുക്ക് ഒന്നിച്ച് കാണാമല്ലോ. മീരയ്ക്ക് വളരെ സന്തോഷമായി. താൻ സ്നേഹിക്കുന്ന വ്യക്തിയെ കാണാനുള്ള ദിവത്തിനായി അവൾ കാത്തിരുന്നു. ഒടുവിൽ ആ ദിവസം വന്നെത്തി. വീട്ടുകാർ അറിയും എന്നതുകൊണ്ട് മറ്റൊരു സുഹൃത്തിന്റെ വീട്ടിൽ വച്ച് കണ്ടുമുട്ടാം എന്ന ഉറപ്പും നൽകി. സുഹൃത്തിന്റെ മാതാപിതാക്കൾ ജോലിക്കു പോകുമ്പോൾ ആ വീട്ടിലെ മകൾ ജാനറ്റ് ഒറ്റയ്ക്കെയുള്ളു. മീര ഈ അവസരം പ്രയോജനപ്പെടുത്തി. മീരയും സാമും ജാനറ്റിന്റെ വീട്ടിൽ വച്ച് കണ്ടുമുട്ടി. താൻ പ്രതീക്ഷിച്ചതിലും അധികം സുന്ദരിയാണ് മീര എന്നു കണ്ടപ്പോൾ സാം വല്ലാതെ സന്തോഷിച്ചു. വർത്തമാനങ്ങൾ പറഞ്ഞു വരുന്നതിനിടയിൽ വിവാഹം കഴിക്കാം എന്ന ഉറപ്പും സാം നൽകി. മീര അവനെ അന്ധമായി വിശ്വസിച്ചു. അവൻ അവിടം വിട്ടു പോകും മുമ്പ് തന്റെ നിർബന്ധത്താൽ അവളുമായി ശാരീരിക ബന്ധത്തിൽ ഏർപ്പെട്ടു. മീര പലതവണ പറഞ്ഞു 'വിവാഹത്തിന് മുമ്പ് ഇത് ശരിയല്ല' എന്ന്. എന്നാൽ നാം വിവാഹം കഴിക്കാൻ പോവുകയാണ് മറ്റ് പ്രശ്നങ്ങൾ ഒന്നുമില്ല എന്ന് സാം പറഞ്ഞു. ഇങ്ങനെ പല തവണ സാം ഈ പട്ടണത്തിൽ വന്ന് മീരയുമായി കിടക്ക പങ്കിട്ടു. ഇതിനിടയിൽ എപ്പോഴോ സാമിന്റെ ഫെയ്സ്ബുക്ക് പ്രൊഫൈലിൽ ഒരു പെൺകുട്ടിയുടെ ചിത്രം പ്രത്യക്ഷപ്പെട്ടു. മീര ഇതിനെ ക്കുറിച്ച് ചോദിച്ചപ്പോൾ മറുപടി നൽകാൻ സാം വിസമ്മതിച്ചു. ഒടുവിൽ മീരയെ ബ്ലോക്ക് ചെയ്തിട്ട് സാം പോയി. ഇപ്പോൾ അവർ തമ്മിൽ യാതൊരു ബന്ധവുമില്ല. വൈകിയാണ് മീര ആ സത്യം അറിഞ്ഞത്, സാം മറ്റൊരാളുമായി പ്രണയത്തിലാണെന്ന്. ഇതെല്ലാം കേട്ട് ആകെ തളർന്നിരിക്കുന്ന മീര ഇതിനോടകം പല തവണ ആത്മഹത്യയെക്കുറിച്ച് ആലോചിച്ചു. പക്ഷേ ഒരു പെന്തക്കോസ്തു കാരിയായ താൻ ഇതു ചെയ്യുന്നത് ശരിയല്ല എന്ന തോന്നൽ കൊണ്ട് അവൾ അതിന് മുതിരുന്നില്ല. ചില ആരോഗ്യ പ്രശ്നങ്ങൾ നേരിട്ടപ്പോൾ അവർക്ക് മനസ്സിലായി താൻ ഗർഭിണിയാണെന്ന്. പക്ഷെ, ഈ വാർത്തയൊന്ന് വിളിച്ചറിയിക്കാനും തന്നെ ഉടൻ വിവാഹം കഴിക്കണമെന്ന് പറയുവാനും അവൾ ശ്രമിച്ചുകൊണ്ടേയിരുന്നു. സാധിക്കുന്നില്ലെന്നു മാത്രം.

കഴിഞ്ഞ ദിവസം കേട്ട ഒരു വേദനിപ്പിക്കുന്ന സംഭവമാണ് മുകളിൽ കുറിച്ചത്. പെന്തകോസ്തു കുടുംബങ്ങളിൽ ജനിച്ചു വളർത്തപ്പെടുന്ന കുട്ടികളെല്ലാം ആത്മീകരാണെന്ന് മാതാപിതാക്കൾ അന്ധ മായി വിശ്വസിക്കുന്നു. എന്നാൽ അവരുടെയിടയിൽ നടക്കുന്ന പല സംഭവങ്ങളും അറിയാറില്ലെന്നു മാത്രം. മുറിയടച്ച് അകത്തു കടന്നാൽ അവരുടെ ലോകം മറ്റൊന്നാണ്. മുൻപരിചയം ഇല്ലാത്തവർ മുതൽ സുഹൃത്തക്കൾ വരെയുള്ളവരിലേക്കാണ് ഇവരുടെ അടുപ്പം. ഇതിൽ പ്രായവ്യത്യാസമൊന്നു മില്ല. തൊട്ടാൽ പൊള്ളുന്ന പ്രായത്തിൽ തങ്ങളുടെ വികാരങ്ങളെ പുറംതള്ളാൻ തക്കഅവസരം നോക്കിയിരിക്കുകയാണ് ഇവർ. പുറമെ നോക്കിയാൽ ആത്മീകതയുടെ അത്യുച്ചകോടിയിൽ നിൽക്കുന്നവർ. പക്ഷേ ഉള്ളിൽ ജഡത്തിന്റെ ഇച്ഛ നിവർത്തിക്കാൻ വെമ്പൽ കൊള്ളുകയാണ്. ഇവിടെ ആർക്കാണ് തെറ്റ് പറ്റിയത്. സണ്ടേസ്കൂൾ പഠിക്കാഞ്ഞിട്ടാണോ? വിദ്യാഭ്യാസം ചെയ്യാഞ്ഞിട്ടാണോ? അച്ചടക്കത്തോടെ വളർത്താഞ്ഞിട്ടാണോ? എന്താണ് കാരണം?


ഇന്നത്തെ തലമുറയെ വഴിതെറ്റിക്കുന്നതിൽ നിർണ്ണായകമായ ഒരു പങ്ക് സമൂഹമാധ്യമങ്ങൾക്കുണ്ട് എന്നത് തള്ളിക്കളയാനാവില്ല. അവ ഗുണത്തെക്കാൾ അധികം ദോഷത്തിനായി തലമുറകൾ ഉപയോഗിക്കുന്നു. അപരിചിതരുമായുള്ള അതിരുവിട്ട സൗഹൃദം കൊണ്ട് അവർക്ക് പലതും നഷ്ടമാകും എന്നവർ മറന്നു പോകുന്നു. വിവാഹബന്ധത്തിലൂടെ കൈമാറേണ്ട ലൈംഗീകബന്ധങ്ങൾ വഴിവിട്ട നിലയിൽ ഉപയോഗിക്കുന്നു. തങ്ങളുടെ ശരീരം ആർക്കു വേണ്ടിയും കാഴ്ച വയ്ക്കുന്നതിൽ ഇവർ മടിയ്ക്കുന്നില്ല. അബോർഷൻ സർവ്വസാധാരണമായിരിക്കുന്നു. ഗുരുതരമായ പല ആരോഗ്യ പ്രശ്നങ്ങളും ക്ഷണിച്ചു വരുത്തുകയാണ്. എന്നിട്ടും കൂളായി വിവാഹവേദിയിലേക്ക് പോകുന്നത് കാണുമ്പോൾ ലജ്ജയായതിൽ മാനം തോന്നുകയാണവർക്ക്.

മീര ഇപ്പോൾ കുറ്റബോധം നിറഞ്ഞവളായി ദിവസങ്ങൾ കഴിച്ചുകൂട്ടുകയാണ്. സാധാരണ ജീവിതത്തിലേക്ക് മടങ്ങിവരാനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ പറഞ്ഞു കൊടുത്തു. സംഭവിച്ചതെല്ലാം സംഭവിച്ചു. ഇനി ദുഃഖിച്ചിട്ടെന്തു കാര്യം. ചതിച്ചവൻ കടന്നുകളഞ്ഞു. കേസ് കൊടുത്താൽ പുറം ലോകം അറിയില്ലേ. മാത്രമല്ല സാമിന്റെ വീട്ടുകാർ ധനമുള്ളവരായതു കൊണ്ട് അത് തേച്ചു മായ്ച്ചുകളഞ്ഞെന്നും വരാം. എന്തായാലും ഭൂതകാലത്തെ മറന്ന് നല്ല ഭാവിയ്ക്ക് വേണ്ടി തയ്യാറെടുക്കുകയാണ് മീര. നമ്മുടെ സമൂഹത്തിൽ ഇതുപോലെ കുറെ മീരയും സാമും ഉണ്ട്.

അവരെ മാതാപിതാക്കളോ, സഭയോ അറിയുന്നില്ല. ഇനി അറിഞ്ഞാലും തെറ്റു തിരുത്തുവാൻ ഇടപെടാറില്ല. ഇട പെട്ടാൽ തങ്ങളുടെ സ്വകാര്യതയിൽ കൈകടത്തുന്നവർക്കെതിരെ എന്തും ചെയ്യാൻ മടിക്കാത്ത തലമുറകളാണ് ഇന്നുള്ളത്. ഇവർക്ക് പെന്തക്കോസ്ത് ഒരു അനുഭവമല്ല കേവലം അഭിനയമാണ്. ആത്മീയത അഭിനയിച്ചു കാണിക്കുന്നു. പുറമെ മറ്റുള്ളവരുടെ മുന്നിൽ നല്ല സാക്ഷ്യമുള്ളവർ എന്നു വരുത്തിത്തീർക്കുകയും അകത്ത് ദുഷ്കാമ പ്രവർത്തിക്കായി വെമ്പൽ കൊള്ളുകയും ചെയ്യുന്നു. ഒരേ സമയം ഇത് രണ്ടും ഒന്നിച്ചുകൊണ്ടു പോകാൻ കഴിയുന്നു എന്നത് കൗതുകമുണർത്തുന്ന കാര്യമാണ്. അല്ലയോ മാതാപിതാക്കളെ, നിങ്ങളുടെ തലമുറയുടെ പോക്ക് എങ്ങോട്ട്? അവർ ആത്മീ കരാണെന്ന് നിങ്ങൾ അന്ധമായി വിശ്വസിക്കുകയാണോ? അവരിൽ വരുന്ന മാറ്റങ്ങളെ നിങ്ങൾ ശ്രദ്ധി ക്കാറില്ലേ. വീട്ടിൽ വൈകിയെത്തുന്നതും പഠനത്തിൽ പിന്നാക്കം പോകുന്നതും മാതാപിതാക്ക ളോടുള്ള സംഭാഷണം മിതപ്പെടുത്തുന്നതിന്റെയും പിന്നിലെ രഹസ്യം കണ്ടില്ല എന്ന് നടിക്കരുത്. ചിലർക്ക് ഇതിനെ വളരെ വിദഗ്ദ്ധമായി കൊണ്ടു പോകാൻ കഴിയും. എന്നാൽ ദൈവത്തെ കബളിപ്പിച്ച് എത്രനാൾ ഇവർക്ക് മുന്നോട്ടു പോകാനാകും. ഇവർക്കു വേണ്ടി വളരെ പ്രാർത്ഥിക്കുക, സ്നേഹവും വാത്സല്യവും കൊടുക്കേണ്ട പ്രായത്തിൽ കൊടുക്കുക. നല്ല മനുഷ്യരായിത്തന്നെ വളർത്തുക. അവരുടെ ഭാവി തകർന്നുടയേണ്ടതല്ല. നമ്മുടെ തലമുറകളുടെ ജീവിതം ആരും തുച്ഛീകരിക്കരുത്. വാക്കിലും പ്രവർത്തിയിലും മാതൃകയുള്ളവരാകേണ്ടതിന്റെ ആവശ്യം അവരെ ബോധ്യപ്പെടുത്തുക, അഭിനയം നിർത്തി യഥാർത്ഥ ആത്മീകതയിലേക്ക് മടങ്ങിവരാൻ പ്രബോധിപ്പിക്കുക. അപ്പോൾ തന്നെ മാതാപിതാക്കളായ നിങ്ങൾ അവർക്കൊരു മാതൃക ആയിരിക്കുക. നിങ്ങളെ മാതൃകയാക്കാൻ കഴിഞ്ഞില്ലെങ്കിൽ അവർ വഴിതെറ്റിപ്പോയാലും അത്ഭുതപ്പെടാനില്ല. നാട്ടുകാരെക്കണ്ട് അല്ല അവർ പഠിക്കേണ്ടത്. അച്ചടക്കവും അനുസരണവും ഒക്കെ വീട്ടിൽ നിന്നു തന്നെ പഠിക്കണം. ചെറിയ പ്രായം മുതൽ ദൈവഭയമുള്ളവരായി അവർ വളരണം. അവർ 'നടക്കേണ്ട വഴിയിൽ' അവരെ അഭ്യസിപ്പിക്കണം. കർത്തവ്യങ്ങളിൽ നിന്ന് ഒഴിഞ്ഞിരിക്കാൻ നമുക്ക് സാധ്യമല്ല. മേശയ്ക്ക് ചുറ്റും ഒലിവുതൈകളാകേണ്ടവരുടെ വളർച്ചയെ ഗൗരവമായി മനസ്സിലാക്കേണം.

---

# The only book that overcomes the centuries



## Bible is the ultimate book for knowing the real and true God, who loves man through Jesus Christ, the image of God.



Santhosh Joseph

Millions of books are being published, sold and read yearly around the world in numerous languages and various themes. Books are published in hundreds of categories like Agriculture, Architecture, Art, Biography, Business, Children, Food, Family, Fiction, Health, History, Medical, Music, Philosophy, Religion, Self-Help, Sports and so on. Books that become popular are re-published with many editions and translated to the most spoken languages in the world. No one can think of a world without books today. Because, millions of people read, write, study, trade or do job with books publishing. Languages and communication skills play key roles in every aspects of human life. Men use the languages and communication skills effectively through the books.

Books and writers are very essential for the purpose of gaining knowledge in all the aspects of human life. But they have many limitations and are not ultimate. It is because, men are writing from their own learned knowledge, experiences and intellectual understandings. The writers are just human that they write to solve the divine problems of human with their philosophical and spiritual solutions. Therefore, these writers and books are unable to deal with human's ultimate problems like sin and salvation, heaven and hell. There is only one book which is accurately written about anything that relates with man and God completely. That is the Bible, written by Holy Spirit. The most printed, read and circulated book over the centuries is the Bible. Many other books have influenced so many, but the Bible has only transformed man to a real man.

Bible is the only one book that had overcome all centuries and its obstacles. Many have tried to destroy it completely, but never succeeded, rather believed in it. From now, it will live for centuries till its last prophecies are fulfilled. It cannot be marred by anyone, because it is written not by men, it cannot be overwritten because it is written by God himself. The infallible Bible says that "All Scripture is inspired by God and is useful to teach us what is true and to make us realize what is wrong in our lives. It corrects us when we are wrong and teaches us to do what is right" (2 Timothy 3:16). The phrase "inspired by God" is literally translated as "God-breathed". So the Bible is not merely a collection of wise men's writings, but is actually authored by God, through men, by the Spirit. The unseen writer of the man's history and destiny is the Holy Spirit. Therefore, Bible is the ultimate book for knowing the real and true God, who loves man through Jesus Christ, the image of God.

John Wesley said: "The BIBLE had to be written by one of three people: good men, bad men or God. It couldn't have been written by good men because they said it was inspired by the revelation of God. Good men don't lie and deceive. It couldn't have been written by bad men because bad men would not write something that would condemn themselves. It leaves only one conclusion. It was given by divine inspiration of God"

## സുവിശേഷ ഭടന്മാരെ വാർത്തെടുക്കുന്ന വേദാദ്ധ്യാപകനും പ്രഭാക്ഷനുമായ ഡോ. ബി. വർഗീസുമായുള്ള മുഖാമുഖം



# വേദശാസ്ത്രത്തിലെ ഔന്നത്യങ്ങൾ തേടി

**തയ്യാറാക്കിയത്:**
**സന്തോഷ് പന്തളം**
**ഷിജു ജോൺ സാമുവേൽ**

### ജനനവും പ്രാഥമിക വിദ്യാഭ്യാസവും

കേരളത്തിലെ കൊല്ലം ജില്ലയിലെ പുനലൂരിനടുത്ത് ഉദയഗിരിയിൽ ബേബി - തങ്കമ്മ ദമ്പതികളുടെ ഒന്നാമത്തെ മകനായി ജനിച്ചു. മർത്തോമ്മാ സഭയുടെ എല്ലാവിധ ആത്മീയവിഷയ ത്തിലും കഴിവിന്റെ പരമാവധി നല്ല നിലവാരം പുലർത്തിയിരുന്നു. കൊച്ചുനാളിൽ തന്നെ ദൈവഭക്തരായ മാതാപിതാക്കൾ പള്ളിയിലെ ശുശ്രൂഷ ചെയ്യുന്ന വൈദികനായി സേവ ചെയ്യുവാൻ ദൈവത്തോട് സമർപ്പിച്ചിരുന്നു. വേദപഠനത്തിലും തന്റെ മാതാപിതാക്കൾ വളർത്തി. ഇടമൺ വാളിയോട് ഹൈസ്കൂളിലും പുനലൂർ എസ്.എൻ.കോളേജിലുമായിരുന്നു ഈലോക വിദ്യാഭ്യാസം.

### യേശുക്രിസ്തുവിലേക്ക് വരുവാനുള്ള സാഹചര്യം

കോളേജ് വിദ്യാഭ്യാസ കാലത്ത് ശരീരത്തിൽ മഞ്ഞപ്പിത്തം പിടിപെടുകയും വൈദ്യശാസ്ത്രത്തിന് തന്നെ സൗഖ്യമാക്കാൻ കഴിയാത്ത വിധം രോഗം മൂർദ്ധന്യാവസ്ഥയിലായി. താൻ മരണത്തോടെ അടുക്കുമ്പോൾ ഒരു രാത്രി 3 മണിയോടടുത്ത സമയത്ത് താൻ ഒരു ശബ്ദം വ്യക്തമായി കേട്ടു. 'മകനെ നീ എന്നെ മാനിച്ചാൽ ഞാൻ നിന്നെ മാനിക്കും'. ഇതൊരു ദൈവത്തിന്റെ സന്ദർശനമാണെന്ന്, ദൈവശബ്ദം ആണെന്ന് തനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞില്ല. രോഗം ക്രമേണ കുറയുവാൻ തുടങ്ങി. ആശുപത്രിയിൽ നിന്നും വീട്ടിൽ വന്നപ്പോൾ തന്നെ കാണുവാൻ അനേക ആൾക്കാർ വരുന്നതിന്റെ കൂടെ റ്റി.പി.എം സഭയുടെ ഒരു ഉപദേശിയും തന്റെ അടുക്കൽ വന്നു.

ദീർഘനേരത്തെ തുറന്ന ഇടപെടൽ മൂലം താൻ കേട്ട ദൈവശബ്ദത്തെക്കുറിച്ച് അദ്ദേഹത്തോട് പറഞ്ഞു. ആ സമയം അദ്ദേഹം അത് ദൈവശബ്ദമാണ് എന്നു ബോധ്യപ്പെടുത്തുകയും കൂടുതലായി ദൈവവചനത്തെക്കുറിച്ചു പറയുകയും ചെയ്തു. അവസാനം പ്രാർത്ഥിച്ചു വേർപിരിഞ്ഞു. യേശുക്രിസ്തുവിൽ പൂർണ്ണമായി ഏൽപ്പിച്ചു കൊടുത്തപ്പോൾ ശരീരത്തിലുണ്ടായിരുന്ന രോഗം കർത്താവ് പൂർണ്ണമായി സൗഖ്യമാക്കി.


### ദൈവത്തിന്റെ വേലക്കായി തന്നെ സമർപ്പിക്കുന്നു

രോഗസൗഖ്യം കർത്താവിന്റെ വേലയ്ക്ക് വേണ്ടി ദൈവം ചെയ്തതാണ് എന്ന മനസ്സിലാക്കിയ താൻ ഇനിയുള്ള കാലം കർത്താവിന്റെ വേലയ്ക്കായി ജീവിതത്തെ സമർപ്പിച്ചു. ചില നാളുകൾ കഴിഞ്ഞപ്പോൾ മണക്കാലായിൽ ഫെയ്ത്ത് ബൈബിൾ കോളേജിൽ ദൈവവചന പഠനം ആരംഭിച്ചു. തുടർന്ന് യു.ബി.സിയിൽ നിന്നും ബി.ഡി ഡിഗ്രിയും അനന്തരം എം.റ്റി.എച്ച് ഡോക്ട്രേറ്റ് പദവി വരെയും പഠനം നടത്തുവാൻ ദൈവം സാവകാശം നൽകി.

വേദശാസ്ത്രത്തിൽ ഉന്നതസ്ഥാനമുള്ള തനിക്ക് ഗ്രീക്ക് എബ്രായ ജർമ്മൻ ഭാഷകളിലും പ്രാവീണ്യമുണ്ട്. ദൈവവചനത്തിന്റെ പഠനകളരികളിൽ അനേകരെ വാർത്തെടുക്കുകയും പ്രസംഗിക്കുകയും ചെയ്തുവരുന്നു.



സന്തോഷ് പന്തളം ഡോ. ബി. വർഗീസിനോടൊപ്പം



ഷിജു ജോൺ സാമുവേൽ ഡോ. ബി. വർഗീസിനോടൊപ്പം

### സഭാശുശ്രൂഷകൾ

തന്റെ പഠനകാലത്ത് തന്നെ ചില സഭകളുടെ തുടക്കത്തിന് തന്നാൽ ആവുന്നിടത്തോളം കൈത്താങ്ങു കൊടുത്തിട്ടുണ്ട്. അതിൽ മറക്കാൻ പറ്റാത്ത ചില സഭകളിൽ ഒന്നാണ് അടൂർ സ്കൂൾ ജംഗ്ഷനു സമീപമുള്ള ശാരോന്റെ സഭ എന്നും താൻ കൂട്ടി ചേർത്തു. പൂനയിൽ താൻ പഠനം നടത്തുമ്പോഴും അവിടെയും സഭാ ശുശ്രൂഷകളിൽ ശ്രദ്ധ പതിപ്പിക്കുവാൻ മറന്നിട്ടില്ല എന്നത് വളരെ സത്യമാണ്.

തന്റെ അഭിപ്രായത്തിൽ സഭാ പരിപാലനം മഹത്വരമായ ഒരു അനുഭവമാണ് എന്നതും താൻ കൂട്ടി ചേർത്തു. സഭയുടെ പരിപാലനത്തിൽ അനേകരെ സത്യസുവിശേഷത്തിൽ നിലനിർത്തുവാൻ കഴിഞ്ഞിട്ടുള്ളതും ഇത്തരുണത്തിൽ കൂട്ടിച്ചേർത്തു.

### ശുശ്രൂഷയുടെ മറ്റ് പടവുകൾ

എഴുത്തുകാരൻ, കൺവൻഷൻ പ്രസംഗകൻ, പ്രവാചകൻ, വേദാദ്ധ്യാപകൻ, ഷാരോൺ സഭകളുടെ ശൂരനാട് സെന്റർ പാസ്റ്റർ, കൗൺസിലർ, ടെലിവിഷൻ പ്രസംഗകൻ, വിവിധ ഇടങ്ങളിൽ ബൈബിൾ ക്ലാസുകൾ നടത്തി ജനത്തെ ക്രിസ്തുവിലേക്ക് അടുപ്പിക്കുന്നു. ഇതെല്ലാം തന്റെ ശുശ്രൂഷയുടെ വിവിധ മുഖങ്ങളാണ് എന്നത് വളരെ യാഥാർത്ഥ്യം.

### സന്ദർശിച്ച സ്ഥലങ്ങൾ/രാജ്യങ്ങൾ

അമേരിക്ക, ഗൾഫ്, ഹവായ് എന്നിവിടങ്ങളിൽ ശുശ്രൂഷകൾക്കായി യാത്ര പോയിട്ടുണ്ട്.

### കുടുംബത്തെക്കുറിച്ച്

പത്തനംതിട്ട ജില്ലയിൽ മൈലപ്രയ്ക്കടുത്ത് നല്ലൊരു മാതൃകാകുടുംബത്തിലെ അംഗമാണ് തന്റെ ഭാര്യ ആനി. ശുശ്രൂഷയുടെ സഹായത്തിൽ തന്നോടൊപ്പം വിവിധ സ്ഥലങ്ങളിൽ പങ്കാളിയാകുന്നു. ഇവരുടെ കുടുംബ ജീവിതത്തിൽ രണ്ട് മക്കളെ ദൈവം നൽകി. മൂത്തമകൾ അനിത ഉന്നത ബിരുദധാരിയായി പഠനം കഴിഞ്ഞിട്ട് കർത്താവിന്റെ വേലയിൽ കുടുംബമായി ഡൽഹിയിൽ ആയിരിക്കുന്നു. മകൻ ജസ്റ്റിൻ എഞ്ചിനീയറിംഗ് പഠനം പൂർത്തിയാക്കിയതിന് ശേഷം ചെന്നൈയിൽ ജോലി ചെയ്യുന്നു.

## വാക്കുകൾക്ക് മറുപടി

### 1. വേദശാസ്ത്രത്തിൽ താങ്കൾക്ക് ഇഷ്ടപ്പെട്ട ഏറ്റവും നല്ല വിഷയം ഏത്?

പുതിയനിയമം, എന്റെ ഡോക്ട്രേറ്റ് ഡിഗ്രിക്ക് പഠനം നടത്തിയിട്ടുള്ളതും പുതിയ നിയമത്തെക്കുറിച്ചാണ്. ഏതൊരു വിശ്വാസിക്കും ഒഴിച്ചുകൂട്ടാൻ പറ്റാത്ത മഹൽസമ്പത്താണ് പുതിയ നിയമം.

**ഓർപ്പ ടൈപ്പ് ആരാധന മാറ്റിയിട്ട് രൂത്ത് ടൈപ്പ് ആരാധന നമുക്ക് ഉണ്ടാകണം. അല്ലാതെ ഈ ലോകത്തിൽ യാതൊരു കാരണവശാലും സത്യദൈവത്തെ പ്രസാധിപ്പിക്കാൻ നമുക്ക് കഴിയുകയില്ല.**

### 2. ശുശ്രൂഷയിൽ വന്നിട്ടുള്ള തിക്ത അനുഭവങ്ങൾ ഉണ്ടോ? എങ്കിൽ വിശദീകരിക്കാമോ?

ശരീര ഉപദ്രവം ഏൽക്കേണ്ടി വന്നിട്ടില്ല. എങ്കിലും ശുശ്രൂഷയുടെ പല സമയങ്ങളിലും എതിർപ്പുകൾ നേരിടേണ്ടി വന്നിട്ടുണ്ട്. ഇതെല്ലാം ദൈവനാമ മഹത്വത്തിനാണല്ലോ എന്നതാണ് ചിരിച്ചുകൊണ്ടുള്ള മറുപടി.

### 3. ഈ കാലഘട്ടത്തിലെ ആരാധനകളും കഴിഞ്ഞ കാലഘട്ടത്തിലെ ആരാധനകളും തമ്മിലുള്ള താരതമ്യം പറയാമോ?

പഴയകാലഘട്ടത്തിൽ കണ്ണുനീർ, നിലവിളി, വെളിപ്പാട്, രോഗശാന്തി, പ്രവചനം, ആത്മാവിന്റെ ശക്തമായ ഒഴുക്ക് എന്നിവ കാണാമായിരുന്നു. എന്നാൽ ഇന്ന് ആരാധിക്കുന്നത് മിക്കവാറും ഓർപ്പാ ടൈപ്പ് ആരാധന മാത്രമാണ്. മിക്ക ആരാധനകളും ദൈവഹിത പ്രകാരമല്ല എന്നതാണ് യഥാർത്ഥ സത്യം. പഴയ ആരാധന രൂത്ത് ടൈപ്പ് (ഉള്ളിൽ തട്ടിയുള്ള അതിയായ സമർപ്പണത്തിന്റെ ആരാധന) ആരാധനകളായിരുന്നു.

### 4. മാധ്യമപ്രവർത്തകരെക്കുറിച്ചുള്ള താങ്കളുടെ അഭിപ്രായം?

ആത്മീയ പ്രവർത്തനങ്ങളിൽ മൂല്യച്യുതി സംഭവിച്ചിരിക്കുന്ന ഈ സാഹചര്യത്തിൽ മാധ്യമ പ്രവർത്തകർക്ക് പങ്ക് നല്ലതോളമുണ്ട്. മാധ്യമപ്രവർത്തകർ ആത്മീയ ഗോളത്തിലെ അധാർമ്മികതയ്ക്ക് എതിരായി പോരാടുകയും ആത്മീയതയുടെ നല്ല ഗുണങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുകയും ചെയ്യണം. അതാണ് വേണ്ടത് എന്ന് ചിരിച്ചു കൊണ്ട് നിർത്തി.

### ഡോ. ബി. വർഗീസിനെക്കുറിച്ചുള്ള ഞങ്ങളുടെ വാക്കുകൾ

ഞങ്ങൾ കടന്നുചെന്നപ്പോൾ വളരെ സ്നേഹത്തോടെ കൈപിടിച്ചു വീടിനകത്തേക്കു കയറ്റി വിവരങ്ങൾ ആരാഞ്ഞു. അതിഥി സൽക്കാരത്തിൽ മികവ് കാട്ടി ഞങ്ങളെ സ്നേഹത്തിൽ പങ്കാളിയാക്കി. മറ്റൊരു ശുശ്രൂഷയ്ക്ക് പോകുവാനുള്ള തിരക്കായിരുന്നുവെങ്കിലും അതൊന്നും വകവയ്ക്കാതെ ഞങ്ങളോട് ഹൃദയപൂർവ്വം ഇടപെട്ടു. ഏത് മനുഷ്യനെയും ക്രിസ്തുവിൽ തികഞ്ഞവനാക്കി മാറ്റുവാൻ ഡോ. ബി. വർഗീസിനെ വീണ്ടും ദൈവം സഹായിക്കട്ടെ എന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.



# ദുരുപദേശവും ആത്മീയനേതൃത്വത്തിന്റെ പ്രതികരണവും

ദുരുപദേശം എന്ന വിഷയം ഇത്ര ഏറെ ശ്രദ്ധ നേടിയിട്ടും നമ്മുടെ ആത്മീയ നേതൃത്വം അവ ശ്രദ്ധിക്കുന്നില്ല എന്ന് തോന്നിപ്പോയ ഒരു സാഹചര്യത്തിലാണ് ഇങ്ങനെയൊരു ലേഖനം എഴുതുവാൻ മുഖപുസ്തക സംഘത്തിലെ ഏറ്റവും വലിയ പെന്തക്കോസ്തു കൂട്ടായ്മയായ MPFT (മലയാളി പെന്തക്കോസ്തു ഫ്രീ തിങ്കേർസ്) തുനിയുന്നത്. പെന്തക്കോസ്തു സമൂഹത്തിൽ ദുരുപദേശങ്ങൾ വ്യാപകമാകുമ്പോൾ സഭാ നേതൃത്വം എന്തുകൊണ്ട് അവയെ കണ്ടില്ല എന്ന് നടിക്കുന്നു? കഴിഞ്ഞ നാളുകളിൽ പ്രത്യേകിച്ച് മുഖപുസ്തക സംഘങ്ങളിൽ സമുദായക്കാരുമായി കടുത്ത സംവാദം നടത്തിയ പെന്തക്കോസ്തു വിശ്വാസികൾ ഇന്നു ഉപദേശ വ്യത്യാസങ്ങളുടെ പേരിൽ പരസ്പരം കടിച്ചു കീറുകയാണ്.

ദുരുപദേശം എന്ന് ആരോപിക്കുന്നവർക്ക് സത്യ ഉപദേശം എന്തെന്ന് വ്യക്തമാക്കുവാനും കഴിയാതെ വന്നിരിക്കുന്നു. സാധാരണ ഉപദേശി ഒരു സമുദായക്കാരനോട് സുവിശേഷം അറിയിക്കുമ്പോൾ 'ആദ്യം പെന്തക്കോസ്തു സമുദായത്തെ നന്നാക്കു എന്നിട്ട് നാട് നന്നാക്കു' എന്ന് അവർ മറുപടി പറയുന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ എത്തിയിരിക്കുന്നു. ആർക്കും പാസ്റ്റർ ആകാം എന്ത് വേണമെങ്കിലും എവിടെയും ഉപദേശിക്കാം, നിശ്ചിതമായ പഠനമോ അറിവോ നിയന്ത്രണമോ സാമൂഹിക അച്ചടക്കമോ പ്രതിബദ്ധതയോ കൂടാതെ ആർക്കും പ്രസംഗവേദിയിൽ കയറി നിന്ന് ആ സമയം ഹൃദയത്തിൽ തോന്നുന്നതെല്ലാം വിളിച്ചു പറയാം. വിശ്വസിക്കുന്നവർ ആത്മാവിലാകുകയും കേൾക്കുന്നതിനെല്ലാം ആമേൻ പറയുകയും ചെയ്യും. ആകർഷണീയവും വൈകാരികവുമായി സംസാ രിക്കാൻ കഴിയുന്ന ഏതൊരു വ്യക്തിക്കും ഉപദേശ വിഷയങ്ങളിൽ വിശ്വാസികളെ വഴിതെറ്റിക്കാം.

പെന്തക്കോസ്തു വിശ്വാസ സമൂഹത്തിൽ ഉപദേശ ഐക്യവും വേദപഠനവും എഴുതപ്പെടാത്ത കാലഘട്ടത്തോളം ഈ അരാജകത്വം തുടരുക തന്നെ ചെയ്യും. ആത്മാവിന്റെ പ്രേരണയാൽ പ്രസംഗിക്കുന്നു എന്ന് പറയുന്നവർ വേദിയുടെ പ്രതികരണം മനസിലാക്കിയാണ് പ്രസംഗിക്കുന്നത്. ഒരേ തിരുവെഴുത്തുകൾ ഒരേ സമയം ഒരേ ദൈവദാസന്മാർ വ്യത്യസ്ത സ്റ്റേജുകളിൽ വ്യത്യസ്ഥ രീതിയിൽ വ്യാഖ്യാനിക്കുന്നു.

**ദുരുപദേശം എന്ന് ആരോപിക്കുന്നവർക്ക് സത്യ ഉപദേശം എന്തെന്ന് വ്യക്തമാക്കുവാനും കഴിയാതെ വന്നിരിക്കുന്നു. സാധാരണ ഉപദേശി ഒരു സമുദായക്കാരനോട് സുവിശേഷം അറിയിക്കുമ്പോൾ 'ആദ്യം പെന്തക്കോസ്തു സമുദായത്തെ നന്നാക്കു എന്നിട്ട് നാട് നന്നാക്കു' എന്ന് അവർ മറുപടി പറയുന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ എത്തിയിരിക്കുന്നു.**

അതായത്, ഐ.പി.സി, ചർച്ച് ഓഫ് ഗോഡ്, ശാരോൻ എന്നിങ്ങനെ വിവിധ ചർച്ചുകളുടെ രീതികളും പ്രാദേശിക വ്യത്യാസങ്ങളും കേൾവിക്കാരുടെ ആത്മീയ സാമൂഹിക സാമ്പത്തിക അവസ്ഥയും അടിസ്ഥാനമാക്കി പ്രസംഗത്തിന്റെ രീതിയ്ക്ക് മൊത്തമായി ഒരു മാറ്റം വരുത്തുന്നു. എല്ലാ വ്യാഖ്യാനങ്ങളും അവയുടെ ആധികാരികതയ്ക്ക് വേണ്ടി പരിശുദ്ധാത്മാവിന്റെ തലയിൽ കെട്ടിവയ്ക്കുകയും ചെയ്യുന്നു. എന്തുകൊണ്ടാണ് മുക്കിനു മുക്കിനു പെന്തക്കോസ്തു സഭകളുള്ള നമ്മുടെ നാട്ടിലും വിദേശ രാജ്യങ്ങളിലുമെല്ലാം ഈ ദുരുപദേശ കോമാളികൾ ഉടലെടുത്തത്?

ഉന്തിവീഴ്ത്തലും ഊതിവീഴ്ത്തലും അഭിഷേകത്തിനായി ടവ്വൽ കീറി കൊടുക്കലും എല്ലാം പാശ്ചാത്യനാട്ടുകാരുടെ ആത്മീയതയുടെ മാത്രം ഭാഗമായിരുന്നപ്പോൾ ഇന്ന് അത് നെടുകെയും കുറുകെയുമുള്ള ഓട്ടം, ഊതി വീഴ്ത്തൽ, ഉന്തി വീഴ്ത്തൽ, അട്ടഹാസം, ചിരിയുടെ ആത്മാവ് എന്ന് വേണ്ട, കാഴ്ചക്കാരെ അന്ധാളിപ്പിക്കുന്ന നിരവധി നിന്ദ്യമായ ഒരു നിലയിലേക്ക് മാറിയിട്ടും എങ്ങനെ നമ്മുടെ ആത്മീയ നേതൃത്വത്തിന് നേതാക്കൾക്കു കണ്ണടച്ചിരിക്കാനാവും?

പൊതുമീറ്റിങ്ങുകൾ ധാരാളം നടക്കുന്ന ഈ കാലങ്ങളിൽ സഭകളിൽ നോട്ടീസു വായിക്കുമ്പോഴെങ്കിലും ഇത്തരം ദുരുപദേശ നേതാക്കന്മാർ പ്രസംഗിക്കുന്ന മീറ്റിങ്ങുകളെപറ്റിയുള്ള നോട്ടീസുകൾ ഒഴിവാക്കിക്കൂടെ? കാലവും കോലവും മാറിയ ഈ അന്ത്യകാലത്ത് നല്ല ഉപദേശം പറയുന്നതോടൊപ്പം ജനത്തെ ദുരുപദേശത്തിലേക്ക് തിരിക്കാതെയിരിക്കാനുമുള്ള ഒരു ഉത്തരവാദിത്തം സഭ ഭരിക്കുന്നവർക്കില്ലേ? ഉപദേശങ്ങളെ ക്രോഡീകരിക്കുകയും ദൈവ വചനത്തിനു അംഗീകൃത വ്യാഖ്യാനം നൽകാതിരിക്കുകയും ചെയ്യുന്നത് എന്തുകൊണ്ട്? തിരുവെഴുത്തുകളിലെ ഒരേ വിഷയം ഒരേ സമയം വിവിധ ദൈവദാസന്മാർക്കു നൽകിയാൽ ഓരോ ദൈവ ദാസനും അവനവനു യുക്തമെന്ന രീതിയിൽ ആണ് തിരുവെഴുത്തുകൾക്ക് വ്യാഖ്യാനം നൽകുക. ഇതു തന്നെ ആർ വ്യാഖ്യാനിക്കുന്നതാണ് ദൈവാത്മാവിന്റെ ശക്തിയാലും അഭിഷേകത്തിനാലും എന്ന് നിഷ്ക്കളങ്കരായ വിശ്വാസികൾക്ക് മനസിലാക്കുവാൻ കഴിയാത്ത അവസ്ഥയിൽ ആണ് ദൈവ സഭ നിലകൊള്ളുന്നത്. MPFT (www.facebook.com/groups/MalayaleePentesostalFreeThinkers) ഗ്രൂപ്പിലൂടെ വിശ്വാസികൾക്കിടയിൽ ഉന്നയിച്ച ആയിരക്കണക്കിന് വിശ്വാസസംബന്ധവും സാമൂഹികജീവിത സംബന്ധവുമായ ചോദ്യങ്ങൾ ഇന്നും വ്യക്തമായ ഉത്തരം ലഭിക്കാതെ കിടക്കുകയാണ്. വിശ്വാസികളുടെ അജ്ഞതയുടെ മറവിൽ ആണ് ദുരുപദേശങ്ങൾ പടർന്നു പന്തലിക്കുന്നത്. MPFT ഗ്രൂപ്പിൽ പെന്തക്കോസ്തു സമുദായത്തിലെ ഒട്ടുമിക്ക പ്രമുഖ നേതാക്കളും അംഗങ്ങളാണ്. നിങ്ങൾ ഇവയൊന്നും കണ്ടില്ല എന്നോ നിങ്ങളെ ഇവയൊന്നും ആരും ശ്രദ്ധയിൽ പെടുത്തിയില്ല എന്നോ പറഞ്ഞു ഒഴിയുക സാധ്യമല്ല. ദയവായി നിങ്ങളുടെ ഉത്തരവാദിത്വങ്ങളിൽ നിന്ന് ഒഴിഞ്ഞു മാറരുത് എന്ന് സ്നേഹപൂർവ്വം MPFT അഡ്മിൻസ്.

## ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റ് തിരുവല്ല സൗത്ത് ഡിസ്ട്രിക്ട് എൽ എം മിനിസ്ട്രി
## ഏകദിന സെമിനാർ



*എൽ എം സെമിനാറിൽ കേരളാ സ്റ്റേറ്റ് ജനറൽ കോഡിനേറ്റർ സിസ്റ്റർ ഷോൺ തോമസ് ദൈവവചനം ശുശ്രൂഷിക്കുന്നു. ഡിസ്ട്രിക്ട് ശുശ്രൂഷകൻ പാസ്റ്റർ അനിയൻ കുഞ്ഞ് ശാമുവേൽ, എൽഎം ഡിസ്ട്രിക്ട് സെക്രട്ടറി സിസ്റ്റർ മിനി അനിൽ തുടങ്ങിയവർ സമീപം*

എടത്വ: ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റ് തിരുവല്ല സൗത്ത് ഡിസ്ട്രിക്ട് എൽ എം മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ ഏകദിന സെമിനാർ എടത്വ സഭയിൽ നടന്നു. ഡിസ്ട്രിക്ട് പാസ്റ്റർ അനിയൻകുഞ്ഞ് ശാമുവേൽ പ്രാർത്ഥിച്ച് ഉദ്ഘാടനം ചെയ്ത സെമിനാറിൽ എൽ എം സ്റ്റേറ്റ് ജനറൽ കോർഡിനേറ്റർ സിസ്റ്റർ ഷോൺ തോമസ് ദൈവവചനം ശുശ്രൂഷിച്ചു. എൽ എം കോട്ടയം സോണൽ സെക്രട്ടറി സിസ്റ്റർ ഷീജാ ജോൺ അനുഭവസാക്ഷ്യം പറഞ്ഞു. സിസ്റ്റർ സൂസമ്മ ജോർജ് സ്വാഗതവും സിസ്റ്റർ ജിൻസി സാം കൃതജ്ഞതയും രേഖപ്പെടുത്തി. എൽ എം സെക്രട്ടറി മിനി അനിൽ ജോയിന്റ് സെക്രട്ടറി ജിൻസി സാം തുടങ്ങിയവർ നേതൃത്വം നൽകി.

AUTHOR AND FINISHER WORSHIP CENTRE, PUNALUR
ഒരുക്കുന്ന
ആരാധനയും വിടുതൽ ശുശ്രൂഷയും
എല്ലാ ഞായറാഴ്ചയും വെള്ളിയാഴ്ചയും
രാവിലെ 10 മുതൽ 1 മണിവരെ
YMCA ഹാൾ, ചെമ്മന്തൂർ, പുനലൂർ

പാസ്റ്റർ ജോഷി വർഗ്ഗീസ്
ദൈവവചനം ശുശ്രൂഷിക്കുന്നു
ഏവർക്കും സ്വാഗതം
കൂടുതൽ വിവരങ്ങൾക്ക്:
Prayer Line: 9605061422, Office No. 9744674066
www.authorandfinisherministries.org
എല്ലാ വെള്ളിയാഴ്ചകളിലും വൈകിട്ട് 4.00 ന്
പാസ്റ്റർ ജോഷി വർഗീസ് പവർ വിഷൻ ചാനലിൽ പ്രസംഗിക്കുന്നു.


വിശ്വസ്തത • ഗുണനിലവാരം • സഹകരണം
SELIN CATERING
RESSIN VILLA, NARIYAPURAM P.O., PATHANAMTHITTA,
Phone: 0468 2353154, 9447561496
കഴിഞ്ഞ 16 വർഷം കൊണ്ട് നടത്തപ്പെടുന്ന സ്ഥാപനം
ഞങ്ങളുടെ സേവനങ്ങൾ
തനി നാടൻ രീതിയിലുള്ള ഭക്ഷണങ്ങളും നിങ്ങൾ ആഗ്രഹിക്കുന്ന എല്ലാ രീതിയിലുമുള്ള ആഹാരസാധനങ്ങളും അതാതിന്റെ തനിമയിലും രുചിയിലും വൃത്തിയോടെ, നിങ്ങൾ ആവശ്യപ്പെടുന്ന എവിടെയും ഉത്തരവാദിത്വത്തോടുകൂടി ചെയ്തുകൊടുക്കുന്നു.

Serving People Since 2006

MIRACLE NURSES BUREAU
(REGD)
Provides Nurses for Private Duties at Home, Hospitals, Nursing Home, Male Attendents and Nursing Aids (AYAS) at very reasonable rates,
Special in Taking care of New born babies and old age people. Physiotherapist is also available.

Contact: Mrs. Sosamma Chandy
9873952097, 9654110121
Email: schandydelhi@gmail.com

## പ്രാർഥനയ്ക്ക് നന്ദി

പന്തളം : ഐ.പി.സി പന്തളം ഡിസ്ട്രിക്ട് പാസ്റ്ററും ഐ.പി.സി കാരക്കാട് ശുശ്രൂഷകനുമായ ജോൺ ജോർജ്ജിന്റെ ഇളയമകൻ ജാഫേത്ത് കഴിഞ്ഞ ചില ദിവസങ്ങൾക്ക് മുമ്പ് കാരക്കാട് എം.സി. റോഡ് മുറിച്ചു കടക്കവേ വാഹനാപകടത്തിൽ പെടുകയും ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു. ഉടനടി മുളക്കുഴയിലുള്ള സെഞ്ചുറി ആശുപത്രിയിൽ പ്രവേശിപ്പിച്ചുവെങ്കിലും നില അതീവ ഗുരുതരമായതിനാൽ തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളേജിലേക്കു മാറ്റുകയും അടിയന്തിര ശസ്ത്രക്രീയ തലയിൽ നടത്തുകയും ചെയ്തു. ഇപ്പോഴും ക്രമേണ സുഖം പ്രാപിച്ചു വരുന്നതേയുള്ളുവെന്ന് ആശുപത്രി അധികൃതർ പറയുന്നു.

ഈ വിഷയം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അറിയുകയും ഈ കുഞ്ഞിനായി അനേകം സഹോദരി സഹോദരന്മാർ പ്രാർത്ഥിക്കുകയും യഥാസമയങ്ങളിൽ വന്നു കാണുകയും വിവരങ്ങൾ അറിയിക്കുകയും ചെയ്തു കൊണ്ടിരുന്നു. അതാത് സമയങ്ങളിൽ വാർത്താമാധ്യമങ്ങളിൽ കൂടി വിവരങ്ങൾ അറിയിച്ചുകൊണ്ടിരുന്നു. എല്ലാ മാധ്യമപ്രവർത്തകർക്കും പ്രാർത്ഥനയിൽ ഓർക്കുന്ന സഹകാരികൾക്കും ലാന്റ്‌വേ ന്യൂസ്പേപ്പറിന്റെ പത്രാധിപർ നന്ദിയും അഭിനന്ദനങ്ങളും അറിയിച്ചു കൊള്ളുന്നു.

# Foot Washing Seminar!



James Koshy George

In many religions, bare feet are seen as a sign of humility and subordination under a higher power. Removing one's shoes is a form of respect like removing a cap; it was the sign of humility and respect. It has been practiced by many people and cultures in all parts of the world. We know once God said to Moses 'take your sandals off your feet for the place you stand is holy ground' (Exodus 3:5, 6). Similarly foot washing was practically important in Jewish days because people walked in sandals through dusty, muddy and manure-filled streets. Certainly in biblical times shoes and sandals made from animal skins were difficult to clean. Having the feet bathed signified the status of an honoured guest and foot washing was considered as an honor or service and became a common Jewish custom at formal banquets. Foot washing took place either on arrival or before the feast.

Most experts recognize this humble action was a deliberate act of humility and mark of respect. A host would provide a servant to wash the feet of the guests or sometimes even the host himself will serve the guests by washing their feet. This is mentioned in several places in the Old Testament of the Bible (e.g. Genesis 18:4; 19:2; 24:32; 43:24; I Samuel 25:41), as well as other religious and historical documents. Though the wearing of sandals might necessitate washing the feet, the water was also offered as a courtesy even when shoes were worn. "Here is your maid servant, a servant to wash the feet of the servants of my lord" this is the first passage where an honoured person offers to wash feet as a sign of humility. (I Samuel 25:41) Here we are going to think about our Lord Jesus' attitude, actions and words. In the upper room, the night before His crucifixion the Lord Jesus had just taken His disciples through a seminar. I like to title it as Foot washing Seminar! It was a great seminar teaching about humility which conducted by Jesus Christ with the help of an awesome demonstration. Jesus shows great concern that the meaning of true humility be well understood through this act. Jesus is not instituting foot-washing as a ritual for the church to observe. But through the foot washing display Jesus was reminding us what qualities a follower (disciple) of Christ need to have in his life. Here I am going to give some actions of true humbleness.

**1. A humble person will stoop down to help others.**

In Revelation chapter 2; 6 we read like this "Yet this you have: You hates the works of the Nicolaitans, which I also hate." The word Nico means to rule over. Here in this chapter we can discern clearly that the works of the Nicolaitans was to rule over others through their deeds and doctrines. God hates the deeds and doctrines that involve some people ruling over other people in His body. That means God hates hierarchical authority in the body of Christ. In the New Testament the only thing that Jesus hates most is Hierarchical authority.

The New Testament church leadership was comprised of elders and deacons. But these Leaders were to be different from the world's concept of leadership. (Jesus states that biblical leadership is contrary to that practiced in the world). Jesus tells us that leaders (elders and deacons) are to be servant-leaders of the flock of God. Christian leadership must be shown in action not only by words and position. Jesus spoke harshly to the self – righteous people on His days, and they were the people in positions of hierarchical authority. There is a quote saying like this "Hierarchical authority is the fertilizer that makes self – righteousness grow". Let Jesus help us to drop our titles, leave our positions and stoop down to serve others that in need. In Christ all are kings and priests, all are equal. We all are called to follow Jesus not to follow any leaders of this world. If Jesus came to serve we also need to serve rather than served. Jesus stoops down, take on flesh and dwell among us, He stooped down to serve others rather than be served. Only a man with lowly heart can stoop before others.

**2. A humble person will think others as better than himself.**

Sometimes we all have a critical spirit and try to make ourself look better by finding fault with others, mostly we are captivated with our own interest and failed to look out for the interest of others. Apostle Paul says "Instead of being motivated by selfish ambition or vanity, each of you should, in humility, be moved to treat one another as more important than yourself." (Phil 2:3).

John Mac Arthur says this about selfish ambition: "It usually carried the idea of building up by tearing someone else down, as in gambling, where one person's gain is derived from other's losses. The word accurately describes someone who strives to advance himself by using flattery, deceit, false accusation, contentiousness, and any other tactic that seems advantageous." Humility is the foundation of every service. It is humility that facilitates every service and it is the lack of humility that destroys every service. The lack of humility serves as a big stumbling for others in service and to those whom we serve. To be humble in service, we must understand who we are, where we came from, and where we are going.

Jesus was completely aware of His sovereign authority, His origin, and coming destiny as He submitted and depended by faith in what the Father was doing .Thus, in that confidence, He voluntarily took the place of a slave and washed the feet of His disciples. His thinking and action contrasts sharply with the self-seeking insecurity of the disciples, none of whom were willing to pick up the towel and take the place of a servant. To follow Jesus' foot-washing is to embrace a lifestyle of serving love toward others. In Matthew 23:10-12 Jesus said," And do not be called leaders; for One is your Leader, that is, Christ. But the greatest among you shall be called your servant. And whoever exalts himself shall be humbled; and whoever humbles himself shall be exalted."

**3. A humble person lays down his life for others.**

What does it mean to lay down our life for others? Some have the opinion that to lay down our lives for others means to love others as we love ourselves. How a person who loves their life can lay his life for others? It is impossible .Literally it means we will risk our life for the other persons benefit; it simply means giving up our desires, dreams, emotions wealth and health for the other persons enlargement.

> **The truth that Jesus wants to drive deep into His disciples and our hearts from the foot washing scene is to learn that humbleness to serve others. He wants us to shake the values of this world, and learn the value of humble service.**

Laying down our life for others means putting them first and making their need more important than our own. It doesn't means to love others as we love ourselves. Jesus Christ laid down His life for us by accepting the painful death of the cross so that we would be saved from eternal destruction. Self-denial and sacrifice involves giving our heart completely to God. "My son, give me your heart." (Proverbs 23:36). Our heart cannot be divided between God and the things of this world. A Christian must not love the world and the things of the world. James the Apostle says, "Whoever therefore wants to be a friend of the world makes himself an enemy of God." (James 4:4). Jesus says, "No one can serve two masters; for either he will hate the one and love the other; or else he will be loyal to the one and despise the other. You cannot serve God and mammon." (Matthew 6:24). We have to deny ourselves from the things of this world in order to serve, which involves giving time to our service, being role models, exercising self-control, and being peacemakers. In John 10: 11 Jesus says "I am the good shepherd. The good shepherd gives His life for the sheep". Jesus takes the initiative to serve and to give his life a ransom for many. Mosaic Law says show power "Eye for eye, tooth for tooth, hand for hand, foot for foot" (Exodus 21:24) but Jesus says show love, the most powerful force of all. True love is sacrificial.

**4. A humble person desires to serve others rather than to be served.**

Washing someone else's feet was regarded as one of the most humiliating tasks anyone could perform. It was reserved for household slaves. But since there was evidently no household slave present at this secret meal, who would perform this task? According to the custom of the day a servant with a basin of water and towel in hand would wash the feet of the guests who had walked down the dirty, dusty roads of Palestine. But who would take the position of this servant and perform the task? Here the disciples were looking around expecting someone else to do this, but no one was ready to humiliate themselves by doing this. But as a perfect picture and lesson of Humility, the King of kings, Lord of lords, Master of masters and Leader of leaders Jesus Christ himself raised to the task, laid aside His outer garment, put a towel around his waist, took water in a basin and began washing the feet of the disciples.

The truth that Jesus wants to drive deep into His disciples and our hearts from the foot washing scene is to learn that humbleness to serve others. He wants us to shake the values of this world, and learn the value of humble service. He wants us to capture our true identity as servants. Jesus doesn't tell us literally to wash everyone's feet in order to show humility and to do service. When others need our help and support, in someone's solitude, we use the resources of our smile, our home and include them in our activities. That is washing feet! Whenever we see a brother who falls in sin, we are not publishing the news instead praying for them, making corrections personally and putting Christian love into practice.

As Paul says "If a man is overtaken in any trespass, you who are spiritual restore such a one in a spirit of gentleness, considering yourself lest you also tempted (Gal 6:1) This is washing feet ! Here let me conclude with a precious quote "Greatness in God's kingdom is not in how many people you rule, but in how many you serve. Greatness is not being lord of all, but being servant of all."


## വൈവാഹികം

ബോംബെയിൽ സ്ഥിരതാമസമായ പെന്തെക്കോസ്ത് കുടുംബത്തിലെ 4 അടി 9 ഇഞ്ച് ഉയരം, MSc, IT., വിദ്യാഭ്യാസയോഗ്യതയുള്ള ടാറ്റായിൽ ജോലിചെയ്യുന്ന 28 വയസ്സുള്ള യുവാവിന് അനുയോജ്യമായ വിവാഹ ആലോചനകൾ യുവതികളുടെ രക്ഷിതാക്കളിൽനിന്നും ക്ഷണിച്ചുകൊള്ളുന്നു.
ഫോൺ: 09271093767, 07507257034; Email: landwayhelpline@gmail.com

## Matrimonial

Pentecostal NRI parents invited proposal for their God fearing daughter MBBS 26/152 Cm, Medium colour working in reputed Christian hospital in Kerala from born again, baptized, ministry minded referenced Doctor/CA/M Teh. You may kindly respond with photo and details.
Phone: 00973 39237672. E-mail: salijose2010@hotmail.com

# സാമർത്ഥ്യമുള്ള ഭാര്യയെ ആർക്ക് കിട്ടും?



പീരുമേട് ക്ലീറ്റസ്

700 കുലീനപത്നികളും 300 വെപ്പാട്ടികളും ഉൾപ്പെടെ ആയിരം ഭാര്യമാരുണ്ടായിരുന്ന ഒരു വ്യക്തിയുടേതാണ് നമ്മുടെ ചിന്തക്കാധാരമായ ശീർഷകം: 'സാമർത്ഥ്യമുള്ള ഭാര്യയെ ആർക്ക് കിട്ടും'. യിസ്രായേൽ രാഷ്ട്രത്തിന്റെ മൂന്നാമത്തെ രാജാവും രണ്ടാമത്തെ രാജാവായിരുന്നു ദാവീദിന്റെ ഭാര്യ (ഊരിയാവിന്റെ ഭാര്യയിൽ) ബത്ത്-ശേബയിൽ ജനിച്ചവനും ദാവീദ് വൃദ്ധനായപ്പോൾ മൂത്തപുത്രനായ അദോനിയാവു സ്വയം രാജാവായപ്പോൾ നാഥൻ പ്രവാചകൻ മുഖാന്തിരം രാജകീയ പദവിയിലെത്തിയവനും ജ്ഞാനികളുടെ ജ്ഞാനി എന്ന് വിശ്വപ്രസിദ്ധി നേടിയ ലോകത്തിലെ തന്നെ അതുല്യനായ ഒരു രാജാവായിരുന്ന ശലോമോന്റേതാണ് സാമർത്ഥ്യമുള്ള ഭാര്യയെ ആർക്ക് കിട്ടും എന്ന ചോദ്യം? സർവ്വസാധാരണയായി വിവാഹ ശുശ്രൂഷാ വേദികളിൽ മാത്രമാണ് പ്രസ്തുത വിഷയം പൊതുവെ ചർച്ചചെയ്യാറുള്ളത്. എന്നാൽ ഏതൊരു ക്രിസ്തീയ ദൈവപൈതലിനും അനുദിന ജീവിതത്തിൽ ചിന്തിക്കാവുന്ന ഒരു വാക്യംകൂടിയാണ് ഇതെന്ന് ഓർമ്മപ്പെടുത്തുവാനാണ് ഈ ലേഖനത്തിലൂടെ ശ്രമിക്കുന്നത്.

രാജവംശത്തിൽ ജനിച്ച ആദ്യ വ്യക്തിയായിരുന്നു ശലോമോൻ. ശൗലും, ദാവീദും ന്യായധിപന്മാരെ പോലെ തിരഞ്ഞെടുക്കപ്പെട്ട രാജാവായിരുന്നു. ദൈവം അവർക്ക് പ്രത്യേകം കഴിവുകൾ നൽകിയിരുന്നു. ഗിബെയോനിൽ വച്ചു ശലോമോൻ യാഗങ്ങൾ അർപ്പിച്ചു. യഹോവ അവനു പ്രത്യക്ഷനായി വേണ്ടുന്ന വരം ചോദിക്കുവാൻ ആവശ്യപ്പെട്ടു. ജനത്തിനു ന്യായപാലനം ചെയ്യുവാൻ വിവേകമുള്ള ഹൃദയം അവൻ ചോദിച്ചു. യഹോവ അവന് അത് കൊടുത്തു.

രണ്ട് വേശ്യാ സ്ത്രീകൾ ഒരു കുട്ടിക്ക് വേണ്ടി അവകാശമുന്നയിച്ച് വന്ന തർക്കത്തിൽ, ശലോമോൻ രാജാവ് തീർപ്പ് കല്പിച്ചതിലെ ജ്ഞാനം വിശ്വപ്രസിദ്ധമാണ്. 3000 സദൃശവാക്യങ്ങളും 1005 ഗീതങ്ങളും ബൈബിളിലെ ഉത്തമഗീതം, സദൃശവാക്യങ്ങൾ, സഭാപ്രസംഗി, രണ്ട് സങ്കീർത്തനങ്ങൾ എന്നിവയും രചിച്ചു. തന്റെ ജ്ഞാന സിദ്ധിയേ പരീക്ഷിച്ചറിയാൻ വന്ന ശേബാരാജ്ഞി ശലോമോന്റെ ജ്ഞാനത്തിങ്കൽ പകച്ച് നിന്നുപോയി. 1400 രഥങ്ങളും 12000 കുതിരച്ചേകവരും ഉണ്ടായിരുന്നു. മെഗിദ്ദോയിൻ 450 കുതിരകളുടെയും 150 രഥങ്ങളും സൂക്ഷിക്കാവുന്ന ലായങ്ങൾ പുരാവസ്തു ഗവേഷകർ കണ്ടെടുത്തിട്ടുണ്ട്.

തന്റെ ഭരണകാലത്ത് കരമാർഗ്ഗവും കടൽ മാർഗ്ഗവും വിദൂര രാജ്യങ്ങളിൽ വ്യാപാര സംബന്ധമായ് നല്ല ബന്ധങ്ങൾ സ്ഥാപിച്ചു. വ്യാപാരത്തിന്റെ വികസനത്തിനു വേണ്ടി മരുഭൂമിയിൽ നദ്മോദം, ഹമാത്തിൽ സംഭാര നഗരങ്ങളും പണിതു. ഹിരാമിന്റെ കപ്പലുകളെ കൂടാതെ കപ്പലുകൾ ഉണ്ടായിരുന്നു. ഈ വ്യാപാരബന്ധംവഴി ഭാരതത്തിലും ശലോമോന് ബന്ധം ഉണ്ടായിരുന്നതായി കരുതപ്പെടുന്നു. ഫിനീഷ്യൻ വിദഗ്ദ്ധർ ശലോമോനുവേണ്ടി എസ്രോൻ-ഗേബെർ എന്ന തുറമുഖം പണിഞ്ഞ് 1988 ൽ നെൽസൻ ഗ്ലുവെക് ഒരു ചെമ്പ് സംസ്കരണ ശാല അവിടെ കണ്ടെത്തി. ഏഷ്യാമൈനറിലും ഈജിപ്റ്റിലെയും കുതിര കച്ചവടത്തിനും ശലോമോൻ മദ്ധ്യവർത്തിയായി പ്രവർത്തിച്ചിരുന്നു.

ഭരണകാര്യങ്ങളിൽ പരിചയം സിദ്ധിച്ചവരെ നിയമിച്ചു. രാജ്യത്തെ 12 ജില്ലകളായി വിഭജിച്ചു. ഇതു മുമ്പുണ്ടായിരുന്ന ഗോത്രപരമായ അതിരുകളെ ഇല്ലാതാക്കി. ജില്ലാടിസ്ഥാനത്തിൽ കരം പിരിക്കുവാനും കൊട്ടാരത്തിനാവശ്യമായ ആഹാര സാധനങ്ങൾ കൊണ്ടുവരുന്നതിനും ഉദ്യോഗസ്ഥന്മാരെ നിയമിച്ചു. മുപ്പതുപറ നേരിയ മാവ്, അറുപതുപറ സാധാരണ മാവ്, മാൻ, ഇളമാൻ, പുഷ്ടിവരുത്തിയ പക്ഷികൾ എന്നിവ കൂടാതെ അടിപ്പിച്ച പത്ത് കാളയും മേൽപ്പുറത്തെ ഇരുപതു കാളയും നൂറ് ആടും ആയിരുന്നു ശലോമോന്റെ കൊട്ടാരത്തിലെ ഒരു ദിവസത്തെ ആഹാരത്തിനുള്ള സാധനങ്ങൾ. ഇങ്ങനെ ശലോമോന്റെ ജ്ഞാനം, കഴിവ്, പണം, പദവി, അധികാരം, വാണിജ്യം, രാഷ്ട്രീയ ബന്ധം, സാമർത്ഥ്യം, കുലീനത എന്നിങ്ങനെ അവർണ്ണനീയമായ ഒട്ടനവധി ശ്രേഷ്ഠതകൾ ഉണ്ടായിരുന്ന സമാനതകൾ ഇല്ലാത്ത രാജാവായിരുന്നു ശലോമോൻ.

ദാവീദിനോട് യഹോവ അരുളിചെയ്തിരുന്നതുപോലെ ശലോമോൻ തന്റെ വാഴ്ചയുടെ നാലാം വർഷം അതായത് പുറപ്പാടിന്റെ 48-ാം വർഷം ദൈവാലയത്തിന്റെ പണി ആരംഭിച്ചു. 7 വർഷംകൊണ്ട് ദേവാലയവും 13 വർഷം കൊണ്ട് തനിക്കൊരു രാജാധാനിയും ശലോമോൻ പണി കഴിപ്പിച്ചു. ദേവാലയം പണിക്കും, രാജധാനിയുടെ പണിക്കുമായ് സാധനങ്ങൾ വാങ്ങുവാൻ തന്റെ ജ്ഞാനത്താൽ ശലോമോൻ ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ നിന്നും കടൽ മാർഗവും കരമാർഗ്ഗവും യിസ്രായേലിലേക്ക് സാധനങ്ങൾകൊണ്ട് വന്നു. മുകളിൽ കുറിക്കപ്പെട്ടതുപോലെ എല്ലാവിധ രാജകീയ പ്രൗഢിയോടെ ജീവിച്ച ശലോമോൻ ആലയം പണിയ്ക്കും രാജധാനിയുടെ പണിയ്ക്കും ആവശ്യമായിരുന്ന ഉരുപ്പടികൾ, അതിൽ തടി, ഇരുമ്പ്, സ്വർണ്ണം, ചെമ്പ്, വജ്രങ്ങൾ, പട്ടു ഇലകൾ സരപളികൾ ഇതെല്ലാം തന്നെ ഏറ്റവും മുന്തിയ ഇനങ്ങൾ വിലകൂടിയതും തന്നെയായിരുന്നു കണ്ടെത്തിയത്.

ശലോമോന്റെ ഭരണകാലത്ത് യിസ്രായേൽ രാഷ്ട്രത്തിന്റെ അതിർത്തി ബാബിലോൺ വരെ നീണ്ട് കിടന്നിരുന്നു. അതേതുടർന്ന് ശലോമോൻ ബാബിലോൺ വരെ എത്തി. നാനൂറിലധികം സംവത്സരം ബാബിലോന്യ അടിമത്വത്തിൽ കിടന്നിരുന്ന യിസ്രായേൽ ജനത്തെ ദൈവം മോശെ മുഖാന്തിരം ചെങ്കടലിൽ വഴിപിളർന്ന് മരുഭൂമിയിൽ എത്തിക്കുകയായിരുന്നു. എന്നാൽ യിസ്രായേൽ ജനത്തിന് അക്കരെകടക്കുവാനും ഫറവോന്റെ കൈയിൽ നിന്നും രക്ഷിക്കുവാനും തുറന്ന വഴി ദൈവം തന്നെ അടച്ച് കളയുന്നതായ് നമുക്ക് ബൈബിളിൽ കാണാൻ കഴിയും. ദൈവം ഈ വഴി അടച്ചതിന് രണ്ട് കാരണങ്ങൾ ഉണ്ട്. ഒന്നാമതായി ഫറവോനും സൈന്യവും യിസ്രായേൽ ജനത്തെ പിൻതുടരരുത് എന്നതാണ്. അത്ര തന്നെ പ്രാധാന്യം ഉള്ളതായിരുന്നു ഇതേ വഴി യിസ്രായേൽ ജനം പിൻതിരിഞ്ഞ് യിസ്രായേലിലേക്ക് മടങ്ങി പോകരുത് എന്നുള്ളത്.

എന്നാൽ ജ്ഞാനിയായ ശലോമോൻ ചങ്ങാടം ഉണ്ടാക്കി ഈജിപ്റ്റിലെത്തി. ദേവാലയത്തിനും അരമനയ്ക്കും ആവശ്യമായ സാധനങ്ങൾ കണ്ടെത്തുന്ന ഇടവേളയിൽ ശലോമോൻ പല അവസരത്തിലായി വെപ്പാട്ടികളടക്കം ആയിരം പേരെ തന്റെ ഭാര്യമാരാക്കി യിസ്രായേലിൽ കൊണ്ടുവന്നു. ആയിരം പെണ്ണുങ്ങൾ എന്ന് പറയുമ്പോൾ 1000 സൗന്ദര്യം, ആയിരം വിദ്യാഭ്യാസ യോഗ്യത, ആയിരം പ്രത്യേക കഴിവുകൾ, ആയിരം കുടുംബ പശ്ചാത്തലം എന്നിങ്ങനെ തനിക്ക് ഭാര്യയായി തീരേണ്ട ഒരുവളിൽ ഉണ്ടാകണമെന്നാഗ്രഹിച്ച ആയിരം തരത്തിലുള്ള ഗുണവിശേഷണങ്ങൾ ഉള്ള ആയിരം പേരെ ഭാര്യമാരായി തിരഞ്ഞെടുത്തു.

മോവാബ്യർ, അമോന്യർ, ഏദോമ്യർ, ഹിത്യർ എന്നിവരിൽ നിന്നും ഭാര്യമാരെ തിരഞ്ഞെടുത്തു. ഇത് ദൈവം നൽകിയ കല്പനയുടെ നഗ്ന ലംഘനം ആയിരുന്നു. ജാതികളും വിഗ്രഹാരാധികളുമായിരുന്ന ഈ സ്ത്രീകൾ ശലോമോന്റെ ഹൃദയത്തെ യഹോവയായ ദൈവത്തിങ്കൽ നിന്നും അന്യ ദേവന്മാരിലേക്കും മ്ലേച്ശ വിഗ്രഹത്തിലേക്കും തിരിച്ചു. ഈ സന്ദർഭത്തിലാണ് സാമർദ്ധ്യമുള്ള ഭാര്യയെ ആർക്ക് കിട്ടും ചോദ്യത്തിന്റെ പ്രസക്തി. പണവും വിദ്യാഭ്യാസവും കുടുംബമഹിമയും ശലോമോൻ തിരഞ്ഞെടുത്ത സ്ത്രീകൾക്കുണ്ടായിരുന്നു. എന്നാൽ അവരിൽ ഒരുവൾപോലും യഹോവയായ ദൈവത്തിങ്കലേക്ക് ശലോമോന്റെ ഹൃദയത്തെ തിരിക്കുന്നവർ ആയിരുന്നില്ല.

മുഖവുരയിൽ സൂചിപ്പിച്ചതുപോലെ ഈ വചനപഠനം കേവലം വിവാഹിതരാകാൻ പോകുന്നവർക്ക് മാത്രമല്ല എല്ലാ വിഭാഗത്തിൽപ്പെട്ടവരും ചിന്തിക്കേണ്ടതാണ്. വിവാഹത്തെ സംബന്ധിച്ച് ദൈവവചന പ്രകാരം പരിശോധിച്ചാൽ ഒരു വിശ്വാസി, വിശ്വാസിയായ ഒരാളെ തന്നെയായിരിക്കണം ജീവിതപങ്കാളിയാക്കേണ്ടത്. അല്ലായെങ്കിൽ ശലോമോന് സംഭവിച്ചത് തന്നെ ഇത്തരക്കാർക്കും സംഭവിക്കും. ഇന്ന് അനേകം കുടുംബബന്ധങ്ങൾ തകർന്ന്കൊണ്ടിരിക്കുമ്പോൾ അതിന് കാരണമായ് കണ്ടെത്താവുന്നത് ഇതാണ്. ഭാര്യ ഭർത്താവിന്റെ ഹൃദയത്തെയും ഭർത്താവ് ഭാര്യയുടെ ഹൃദയത്തെയും ദൈവത്തിങ്കലേക്ക് തിരിക്കുന്നില്ല എന്നുള്ളതാണ്. നാം ജീവിതപങ്കാളികളെ തിരഞ്ഞെടുക്കുമ്പോൾ അവർ ദൈവഭയം ഉള്ളവരും ദൈവത്തെ ആരാധിക്കുന്നവരുമായിരുന്നാൽ ഭാര്യയോ ഭർത്താവോ വഴിതെറ്റുന്ന അവസരത്തിൽ ഒരാൾ മറ്റൊരാളെ ദൈവത്തിങ്കലേക്ക് ആകർഷിക്കുന്നവരായിരിക്കണം.

ഭക്തനായ ഇയ്യോബ് സർവ്വവും നഷ്ടപ്പെട്ടവനായ് ചാരത്തിൽ ഇരിക്കുമ്പോൾ ദൈവത്തെ തള്ളിപ്പറയുവാൻ പ്രേരിപ്പിക്കുന്ന ഒരു ഭാര്യയെ ആണ് നമുക്ക് കാണുവാൻ കഴിയുന്നത്. എന്നാൽ ഇയ്യോബ് കലഹിക്കാൻ നിൽക്കാതെ വളരെ പക്വതയോടെ തന്റെ ഭാര്യയെ പറഞ്ഞ് ബോദ്ധ്യപ്പെടുത്താൻ ശ്രമിച്ചു. ഈ ദൈവത്തിൽ നിന്നും ഈ കാലമൊക്കെയും നാം നന്മകൾ മാത്രമല്ലേ അനുഭവിച്ചിട്ടുള്ളൂ.... എങ്കിൽ ഈ ഒരു തവണ ദൈവത്തിന്റെ വകയായി തിന്മയും ഇരിക്കട്ടെ എന്ന് പറഞ്ഞു.

ഭാര്യ ഭർത്താവ് എന്ന് പറഞ്ഞാൽ ജീവിതത്തിന്റെ ഏതൊരു അവസ്ഥയിലും ഒന്നായി ജീവിക്കാൻ തീരുമാനിക്കുന്നവരാണ്. എങ്കിൽ ഈ കാലത്ത് ഫെയ്സ്ബുക്ക്, വാട്സ്ആപ്പ്, ഇന്റർനെറ്റ്, മൊബൈൽഫോൺ മുതലായവ ആൺ പെൺ വ്യത്യാസമില്ലാതെ ഒരു ജീവിത സഖിയെപ്പോലെ കൊണ്ടു നടക്കുകയാണ്. ഊണിലും ഉറക്കത്തിലും യാത്രയിലും ബഡ്റൂമിലും എന്തിനേറെ സഭായോഗത്തിൽ പോലും ഇവയെല്ലാം കൂടെകൊണ്ട് നടക്കുകയാണ്. എന്നാൽ ഈ വസ്തുക്കൾ ഒന്നും തന്നെ ആരേയും ദൈവത്തിങ്കലേക്ക് അടുപ്പിക്കുന്നില്ല എന്നതാണ് സത്യം. തത്ഫലമായ് നാമും ഇന്ന് ശലോമോനെപ്പോലെ പായേണ്ട അവസ്ഥയിലാണ്. കാരണം സുഖസൗകര്യങ്ങളുടെ ഭാഗമായ് നമുക്കുണ്ടായിരിക്കുന്ന ഭൗതിക അഭിവൃദ്ധികൾ കാരണം ഇന്ന് ആർക്കും ദൈവത്തെ വേണ്ടാതായിരിക്കുന്നു. ശലോമോൻ രാജാവിന് എല്ലാ സുഖസൗകര്യങ്ങൾ ഉണ്ടായിരുന്നെങ്കിലും ഒടുവിൽ തന്റെ ആയിരം ഭാര്യമാരും തന്റെ ഹൃദയത്തെ ആയിരം ദൈവത്തിങ്കലേക്ക് വലിച്ച് കൊണ്ട്പോയി. അതാണ് ശലോമോൻ ചോദിച്ചത് സാമർദ്ധ്യം ഉള്ള ഭാര്യയെ ആർക്ക് കിട്ടും.

ജീവിത പങ്കാളിയെ തിരഞ്ഞെടുക്കുന്ന വിഷയത്തിലും ജീവിതത്തിൽ നാം ഉപയോഗിക്കുന്ന മറ്റ് സുഖസൗകര്യങ്ങളും നമ്മെ ദൈവത്തിങ്കലേക്ക് തിരിക്കുന്നതാണെന്ന് ഉറപ്പുവരുത്തണം.

## ബൈബിൾ ക്വിസ് – സെപ്റ്റംബർ 2015

**ക്വിസ് മാസ്റ്റർ: പാസ്റ്റർ പി.ഡി. ജോസഫ്, ഐ.പി.സി. ഹെബ്രോൻ ടൗൺ ചർച്ച്, പന്തളം**

**സമ്മാനം സ്പോൺസർ ചെയ്തിരിക്കുന്നത്: ഒന്നാം സമ്മാനം ഐ.പി.സി. ഹെബ്രോൻ ചർച്ച്, പന്തളം, രണ്ടാം സമ്മാനം: പാസ്റ്റർ സി. ജോണും കുടുംബവും, ന്യൂഡൽഹി**

**യെശയ്യാവ് (അദ്ധ്യായം 31 മുതൽ 48 വരെ)**

1. എവിടെയുള്ള സൈന്യമാണ് അലിഞ്ഞു പോകുന്നത്?
2. ഉല്ലസിച്ച് പനിനീർ പുഷ്പം പോലെ പൂക്കുന്ന ദേശം ഏത്?
3. നീതിയുടെ ഫലം എന്ത്?
4. ഹിസ്ക്കിയാവ് എഴുത്ത് വാങ്ങി വിടർത്തിയത് എവിടെ വച്ച്?
5. മടങ്ങിപോയി നിനവേയിൽ പാർത്തത് ആര്?
6. അത്തിപ്പഴക്കട്ട പരുവിൻമേൽ പുരട്ടുവാൻ പറഞ്ഞ വ്യക്തി ആര്?
7. തുലാകൊട്ടയിലെ ഒരു തുണിപോലെ തോന്നുന്നത് ആരെ?
8. യാക്കോബിനെ കൊള്ളയായി ഏൽപിച്ചുകൊടുത്തത് ആർ?
9. കിഴക്ക് നിന്നും വിളിച്ചുവരുത്തുന്ന പക്ഷി ഏത്?
10. വെള്ളം ചാടി പുറപ്പെട്ടത് എപ്പോൾ?

- **ഒക്ടോബർ മാസത്തിലെ ശരിയുത്തരങ്ങൾ (യെശയ്യാവ് 1–30)**

1. ആമോസ് (1:1), 2. മൂക്കിൽ ശ്വാസമുള്ള മനുഷ്യനെ (2:22), 3. ദുഷ്ടത (9:18), 4. പുഷ്ടിനിമിത്തം (10:27), 5. ബാബേൽ (13:19), 6. മോബാബ് (16:6), 7. സർപ്പത്തിന്റെ വേരിൽ നിന്ന് (14:29), 8. പരിചയ്ക്ക് (21:5), 9. ദുഷ്ടൻ (26:10), 10. സൗമ്യത ഉള്ളവർക്ക് (29:19)

- **നറുക്കടുപ്പിലൂടെ സമ്മാനം ലഭിച്ചത്:**

*ഒന്നാം സമ്മാനം* – Baby Varghese, 180/ 5 A, Mathikkara, Near Ramaya Medical Collage, Bangalore, India.

*രണ്ടാം സമ്മാനം* – Remya Sasi, Sasi Sadanam, Paippadu P.O, Thiruvalla.

- **ശരി ഉത്തരം അയച്ചവർ**

1) Saji Joseph, Manarcard 2) Baby Joy, Ottappalm 3) Vipin Roy, Pallipad, 4) Sheela. K, Sharjah, 5) Baby Varghese, Bangalore, 6) Rosamma George, Punalur, 7) Zeenath Raffi, Mundukottakkal, 8) Thankachan.K, Nedumangad, 9) Smitha.S, Ancherry, 10) Ravi P.S, Kayamkulam, 11) Remya Sasi, Paipadu, 12) Raheem.V, PTA, 13) Byju George, Parassala, 14) Santhosh. K, Vizhinjam, 15) Suni K.Philip, Perva, 16) Reena K.S, EKLM. 17). Joel V. Sabu, Thikalkkarikkam, 18). Saji Joseph, Piravanthoor. 19). Binoy Uthuppan, Abudhabi.

**നിബന്ധനകൾ**

1. എല്ലാ മാസവും 25-ാം തീയതിയ്ക്കു മുമ്പ് ശരിയുത്തരം ലാൻഡ്‌വേ വിലാസത്തിലോ, ഈ മെയിലിലോ, എസ്.എം.എസിലോ (9846440441) കിട്ടിയിരിക്കണം. 2. വിജയിയെ നുറുക്കെടുപ്പിലൂടെ കണ്ടുപിടിക്കും. 3. വിജയികളുടെ പേരും, സമ്മാനാർഹരുടെ പൂർണ്ണ വിലാസവും ഓരോ ലക്കത്തിലും അറിയിക്കുന്നതാണ്. 4. ഏതു പ്രായക്കാർക്കും ക്വിസിൽ പങ്കെടുക്കാം. 5. മൽസരത്തെ സംബന്ധിച്ച അന്തിമതീരുമാനങ്ങൾ ക്വിസ് മാസ്റ്ററിൽ നിക്ഷിപ്തമായിരിക്കും. 6. വിജയികൾക്ക് പാരിതോഷികം നൽകുന്നതാണ്. ഏതു സമയത്തും ഈ പാരിതോഷികത്തിനു മാറ്റം വരാവുന്നതുമാണ്. 7. ഉത്തരം അയയ്ക്കുന്നവർ പൂർണ്ണ മേൽവിലാസവും ഫോൺ നമ്പറും ലാൻഡ്‌വേ അഡ്രസിൽ അയച്ചിരിക്കണം. 8. റഫറൻസുൾപ്പെടെ ഉത്തരം മാത്രം എഴുതുക. 9. വിജയിയുടെ ഫോട്ടോ അയച്ചു തന്നാൽ പേരും വിലാസവും ഫോട്ടോയും പ്രസിദ്ധീകരിക്കുന്നതായിരിക്കും. 10. ഒന്നും രണ്ടും സ്ഥാനക്കാർക്ക് സമ്മാനം നല്കുന്നതാണ്.

## മനശാസ്ത്ര പംക്തി

## പോസിറ്റീവ് ആയി ചിന്തിക്കുക!

**ലിജോ രാജ്, തിരുവനന്തപുരം**

മിക്കവാറും മനുഷ്യരും കാണിക്കുന്ന ഒരു കാര്യമാണ് ഉദാസീനത എന്നത്. കാര്യങ്ങൾ അതാതു സമയത്ത് ചെയ്യാതിരിക്കുകയും പിന്നീട് ചെയ്യാനായി നീട്ടിവെയ്ക്കുകയും ചെയ്യുന്നത് പലരെ സംബന്ധിച്ചും ഏറെ സൗകര്യപ്രദമായ കാര്യമാണ്. എന്നാൽ ഇത്തരത്തിലുള്ള സമീപനം അവസാനിപ്പിക്കുകയും ചെയ്യേണ്ട കാര്യങ്ങൾ വേഗം തന്നെ ചെയ്യുകയും വേണം. അത്തരം ചില കാര്യങ്ങളിൽ ചിലത് താഴെ കൊടുക്കുന്നു.

1 പാസ്പോർട്ട്: പാസ്പോർട്ട് എടുക്കുക എന്നത് പലരും ഏറെ ക്കാലം നീട്ടിക്കൊണ്ടുപോകുന്ന കാര്യമാണ്. ദീർഘമായ ക്യൂവിൽ നിൽക്കുവാനുള്ള മടിയാണ് ഇതിന് പിന്നിലെ പ്രധാന കാരണം എന്നു തോന്നുന്നു.

2 മെഡിക്കൽ ചെക്കപ്പ്: മെഡിക്കൽ ചെക്കപ്പുകൾ നടത്തുന്നതിൽ വൈമുഖ്യമുള്ളവരാണ് ഏറെ ഇന്ത്യക്കാരും. അവസാന നിമിഷം വരെ നമ്മൾ ആരോഗ്യകാര്യങ്ങൾ അവഗണിക്കും. ഇതു വരാതിരിക്കുവാൻ കഴിവതും ശ്രദ്ധിക്കുക.

3 വ്യായാമം ശരീരഭാരം കുറയ്ക്കണമെന്നുണ്ടെങ്കിൽ ഇപ്പോൾ, ഈ നിമിഷം തന്നെ അതിനായി പോകാൻ തീരുമാനമെടുക്കുക.

4 അവധി ജോലിയിൽ നിന്ന് ഒരു വിശ്രമം വേണമെന്നുണ്ടെങ്കിൽ ഒരു യാത്ര പോവുക. ഏറെയാളുകളും ഇതിന് ആഗ്രഹിക്കുന്നവരും എന്നാൽ പിന്നീട് അത് വേണ്ടെന്ന് വെയ്ക്കുന്നവരുമാണ്.

5 തങ്ങളുടെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാൻ ശ്രമിക്കാതിരിക്കുകയും, ചെയ്യാനാഗ്രഹിക്കുന്നവ ചെയ്യാതിരിക്കുകയും ചെയ്യുന്നത് ഏറ്റവും സാധാരണമായ കാര്യമാണ്.

6 ക്ലോസറ്റ് വൃത്തിയാക്കൽ നാളേക്ക് നീട്ടിവെയ്ക്കാതെ ക്ലോസറ്റുകൾ അന്ന് തന്നെ വൃത്തിയാക്കുക.

7 ആരോടും പിണങ്ങി ഇരിക്കാതെ ക്ഷമ പറയേണ്ട കാര്യത്തിൽ ക്ഷമ പറയുക.

8 നല്ലത് മാത്രം ചിന്തിക്കുക, നല്ലവണ്ണം ചിരിക്കുക.

9 മുഖത്ത് നോക്കി ആശയ വിനിമയം നടത്തുക.

10 വ്യക്തതയുള്ള വിഷയം മാത്രം മറ്റൊരാളിനോട് പറയുക.

LANDWAY NEWS
Bringing You Closer to God — LANDWAY
Published From Pathanamthitta
Volume No. 1, Issue No.11 | Pages 8 | Price: Rs. 10/-
10 NOV 2015
Olive Thottathil, Thumpamon P.O., Pandalam, Pathanamthitta Dist, Kerala State, India - 689502; Phone: +91-9447440441, Email: landwaynews@gmail.com
RNI-KERBIL/2015/62054. Postal Registration No. KL/PTA/93/2015 - 2017. WPP License Number: KL/PTA/WPP/2017/2015 - 2017. www.landwaynews.com


Come Worship With Us!

PHILADELPHIA FELLOWSHIP CHURCH
LONDON, ONTARIO, CANADA
OUR VISION: CONNECTING WITH GOD AND CONNECTING WITH PEOPLE.
Our church helps new immigrants settle in the beautiful city of London, Canada.
We have services in English, Malayalam and Hindi
weekly programmes
Worship Service: 10:30 a.m. – 12:30 p.m.
Sunday School: 9:45 a.m. – 10:30 a.m.
Tuesday Prayer Meeting: 7:30 p.m.
Friday meeting: 7:30 p.m.
Youth Meeting:
Alternate Saturdays: 6:00 p.m.

Pastor Joy Punnoose
(519) 266-4671 or (226) 224-4500
Email: joypunnoose@usa.net
Web:www.philadelphiachurchlondon.com

## ഒരു ടെമ്പോ ട്രാവലറിനായി സഹായിച്ചാലും | Tempo Traveller needed



ലാൻഡ്‌വേ ന്യൂസ് പേപ്പറിന്റെ പ്രവർത്തകർക്ക് തമിഴ്നാട്ടിലെ ഗ്രാമസുവിശേഷീകരണത്തിനും കർത്താവിന്റെ വേലയ്ക്കുമായി വിവിധ ഇടങ്ങളിൽ പ്രവർത്തനത്തിന് പോകുവാൻ ഒരു ടെമ്പോ ട്രാവലർ വളരെ അത്യാവശ്യമായ സാഹചര്യം വന്നിരിക്കുന്നു.

താങ്കളുടെയും കുടുംബാംഗങ്ങളുടെയും സഭയുടെയും ഭാഗത്തുനിന്നും കഴിവുള്ള ഒരു സഹായം ഈ പ്രവർത്തനത്തിനായി എത്രയും വേഗം ചെയ്യണമേ.

**മറുപടി അറിയിക്കേണ്ട ഇ-മെയിൽ:**
landwaynews@gmail.com,
Phone: - +91 9447440441.

A vehicle is needed for the work of God in Tamil Nadu. Those who are able to financially help us herein are kindly requested to help us.

Our situation in Tamil Nadu Ministry necessitates a tempo traveller for Village Evangelism & work of God in various places...

We very well know that you have very many obligations in other things. Still we appreciate your sacrificial cooperation in connection with the work of God. We are expecting & waiting for your earliest reply to this letter.

**Our email address:**
landwaynews@gmail.com,
Phone: - +91 9447440441.

*Bank Details:* LANDWAY NEWS | A/c No. 0386073000000078 | South Indian Bank | Thumpamon Branch
IFSC: SIBL0000386 | SWIFT CODE: SOININ55

## നിര്യാതയായി



ഡാളസ്സ് : ഇന്ത്യൻ ആർട്സ് ആന്റ് കൾച്ചറൽ സൊസൈറ്റി ഓഫ് നോർത്ത് അമേരിക്കയുടെ അഡ്വൈസറി ബോർഡ് ചെയർമാനും ആറന്മുള എസ്.എൻ.കോളേജ് ഫിസിക്സ് ഡിപ്പാർട്ട്മെന്റിന്റെ മുൻ മേധാവിയും നോവലിസ്റ്റുമായ പ്രൊഫ. കെ.പി.മാത്യുവിന്റെ മാതാവ് ശോശാമ്മ ഫിലിപ്പ് നിര്യാ തയായി. കവിയൂർ കരൂർവില്ലയിൽ വച്ച് ശുശ്രൂഷകൾക്ക് നേതൃത്വം നൽകുകയും മർത്തോമ്മാ പള്ളിയുടെ സെമിത്തേരിയിൽ സംസ്കാര ശുശ്രൂഷ ചെയ്യുകയും ചെയ്തു. മുൻ കവിയൂർ വില്ലേജ് ഓഫീസറായിരുന്ന പരേതൻ ഫിലിപ്പിന്റെ ഭാര്യയാണ്. മക്കൾ: കെ. പി. അന്നമ്മ, കുഞ്ഞുമോൾ, കെ. പി. മാത്യു. മരുമക്കൾ: കെ. വി. മത്തായി (കറ്റോട്ട് കുറുന്തറ), ഉഷ വർഗീസ് (അരീക്കത്തറ), ജേക്കബ് ശമുവേൽ (തിരുവനന്തപുരം)

പ്രവാസി കേരളാ കോൺഗ്രസിന് വേണ്ടിയും ഇൻഡ്യൻ ആർട്സ് ആന്റ് കൾച്ചറൽ സൊസൈറ്റിയ്ക്ക് വേണ്ടിയും ഡാളസിൽ നിന്നും പി.സി.മാത്യു അവറുകളും ലാന്റ്‌വേ ന്യൂസ് പേപ്പറിന് വേണ്ടി സന്തോഷ് പന്തളവും അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു.

## നിര്യാതയായി



കോട്ടയം: നാട്ടകം പാലക്കുന്നേൽ വീട്ടിൽ പരേതനായ എം. ജെ. ജോണിന്റെ ഭാര്യ തങ്കമ്മ ജോൺ (80) ഇളയ മകളോടൊപ്പം ഡൽഹിയിൽ താമസിച്ചു വരവേ വാർദ്ധ്യക്യസഹജമായ അസുഖത്താൽ നിര്യാതയായി. ദീർഘവർഷം വിശ്വാസത്തിന് വേണ്ടി നിലനിന്നിരുന്നു. സംസ്ക്കാര ശുശ്രൂഷകൾ അനേകം ദൈവമക്കളുടെയും ദൈവദാസന്മാരുടെയും വിവിധ നിലകളിൽ പ്രവർത്തിക്കുന്ന വ്യക്തികളുടെയും സാന്നിദ്ധ്യത്തിൽ ന്യൂഡൽഹിയിൽ സെന്റ് തോമസ് ക്രിസ്ത്യൻ സെമിത്തേരിയിൽ നടത്തപ്പെട്ടു. മക്കളും മരുമക്കളും വിവിധ രാജ്യങ്ങളിൽ ജോലിയോടുള്ള ബന്ധത്തിലും ദൈവവേലയിലും പങ്കാളികളായിക്കൊണ്ടിരിക്കുന്നു. മക്കൾ: ടിജി ഭർത്താവ് മാത്യൂസും (അമേരിക്ക), ജോസഫ് കെ. ജോൺ (കോട്ടയം), ലീലു ഭർത്താവ് ജോൺസൺ (സൗദി അറേബ്യ), മുത്ത് ഭർത്താവ് പാസ്റ്റർ രാജേഷ് ജോൺ, വെൺമണി (ഡൽഹിയിൽ ദൈവവേല ചെയ്യുന്നു) കൊച്ചുമക്കൾ: ആൻസെൽ, എയ്ഞ്ചൽ, ഡാനി, മെൽവിൻ, ആൽവിൻ.

## ശാരോൻ പത്തനംതിട്ട സെന്റർ കൺവൻഷൻ

പത്തനംതിട്ട: ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് പത്തനംതിട്ട സെന്റർ കൺവൻഷൻ 2016 ജനുവരി 14-17 വരെ ചിറ്റാർ ശാരോൻ ചർച്ചിൽ വച്ച് നടക്കും. സെന്റർ മിനിസ്റ്റർ പാസ്റ്റർ പ്രിൻസ് വി. ജെ. തോമസ് ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ പ്രിൻസ് തോമസ് റാന്നി, കെ. ജെ. തോമസ് കുമളി, റ്റി. ഡി. ബാബു തുടങ്ങിയവർ പ്രസംഗിക്കും. സയോൺ സിംഗേഴ്സ് വെണ്ണിക്കുളം ഗാനങ്ങൾ ആലപിക്കും.

With best compliments from
DIVINE TRAVELS
102, New four story, Vishal Enclave, Opp- Rajouri Garden Police Station, Tagore Garden, New Delhi-110027
Ph: 011-25195343/09810863352/09810485352/09910045352,
Email: csanju1975@yahoo.co.in, aaronsanju@gmail.com
AIR TICKTES ( DOMESTIC & INTERNATIONAL (24HRS SERVICE)
PASSPORT (FRESH & RENEWAL)
VISA ASSISTANCE
TRAIN TICKETS BOOKING
CURRANCY CHANGER ( DOLLAR SALE/ PURCHASE ON AMERICAN EXPRESS BANK RATES)

ട്രെയിൻ, വിമാന, ടിക്കറ്റുകൾ ബുക്ക്ചെയ്യുന്നതിനും,
പുതിയ പാസ്പ്പോർട്ട് എടുക്കുന്നതിനും
പഴയ പാസ്പ്പോർട്ട് പുതുക്കുന്നതിനും,
വിസാ സംബന്ധമായ കാര്യങ്ങൾക്കും സമീപിക്കുക.

## ലാൻഡ്‌വേ ന്യൂസിന്റെ പരസ്യനിരക്കുകൾ

| Size | Multicolour | Black & White |
|---|---|---|
| Frontside Half | 10,000/- | NIL |
| Full Page (Back) | 10,000/- | NIL |
| Half Page (Back) | 6,000/- | NIL |
| Quarter Page (Middle) | 4,000/- | NIL |
| 10 Cm X 3 Column | 3,000/- | 1,500/- |
| 10 Cm X 2 Column | 2,000/- | 1,000/- |
| 5 Cm X 2 Column | 1,000/- | 500/- |
| Minimum 5 cm X 1 Column - Rs. 500/- (BW) | | |
| Matrimonial - Rs 500/- for 4 Issues Rs. 1500/- (BW) | | |

**വരിസംഖ്യ, സംഭാവന, പരസ്യത്തുക എന്നിവ അയയ്ക്കേണ്ട ലാൻഡ്‌വേ ന്യൂസിന്റെ ഔദ്യോഗിക ബാങ്ക് അക്കൗണ്ട് താഴെ കൊടുക്കുന്നു.**

*Office Address*

LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pathanamthitta Dist,
Kerala State, India - 689502

*Bank Details*

LANDWAY NEWS
A/c. No. 0386053000004236
South Indian Bank
Thumpamon Branch
IFSC: SIBL0000386
SWIFT CODE: SOININ55

CHURCH OF GOD (FULL GOSPEL) IN BAHRAIN (BETHEL)
KINGDOM OF BAHRAIN
PRAYER MEETING TIMING
FRIDAY WORSHIP SERVICE
(MALAYALAM)
7.00 PM – 9.00PM
SUNDAY WORSHIP SERVICE
(MALAYALAM)
7.00 PM – 9.00PM
HINDI AND ENGLISH WORSHIP SERVICE
7.30 PM – 9.00PM
WEDNESDAY COTTAGE MEETING
(BELIEVERS HOUSE AS PER REQUIREMENT- WED OR THU)
7.30 PM – 9.00PM
LADIES MEETING
(EVERY MONTH - LAST TUESDAY)
7.30 PM – 9.00PM
FASTING PRAYER
(EVERY MONTH - LAST WED-FRI)
7.00 PM – 9.00PM
PRAYER BRINGS VICTORY
FOR MORE DETAILS PLEASE CONTACT:
PASTOR BOSE B. VARGHESE
+973-33099427, 39080371
"The Lord is my rock, my fortress and my deliverer; the God of my strength, in Him I will trust, my shield and the horn of my salvation, my stronghold and my refuge, my Savior, You save me from violence." (2 Samuel 22:2)

Printed, Published and owned by Santhosh Pandalam and Printed at Mangalam Publications (I) PVT, LTD, Mangalam Complex, S.H. Mount P.O, Kottayam (Dist), Kerala (State), Pin – 686006, Olive Thottathil, Thumpamon P.O, Pathanamthitta (Dist), Kerala (State), India – Editor: Sherly Santhosh.